# വിദ്യാഭ്യാസ കുടിയേറ്റം
# കേരളത്തിൽ സംഭവിക്കുന്നത്

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

| | |
|---|---|
| മലയാളം | Malayalam |
| വിദ്യാഭ്യാസ കുടിയേറ്റം<br>കേരളത്തിൽ സംഭവിക്കുന്നത് | Vidyabhyasa kudiyettam<br>Keralathil sambhavikkunnathu |
| ഒന്നാം പതിപ്പ്:<br>നവംബർ 2023 | First Edition:<br>November 2023 |
| പ്രസാധനം, വിതരണം :<br>കേരള ശാസ്ത്രസാഹിത്യ പരിഷത്ത്<br>തൃശ്ശൂർ – 680004 | Published & Distributed by :<br>Kerala Sasthra Sahithya Parishath<br>Thrissur – 680004 |
| ഇ – മെയിൽ :<br>publicationkssp@gmail.com | E – Mail :<br>publicationkssp@gmail.com |
| അച്ചടി :<br>തെരേസ്സ ഓഫ്സെറ്റ് പ്രിന്റേഴ്സ്,<br>അങ്കമാലി | Printed at :<br>Theressa offset printers<br>Angamaly |

₹ 20

KSSP 2877 I E nov 2023 D 1/8 7K 2000 LL 21/23

# പ്രസാധകക്കുറിപ്പ്

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ചരിത്രത്തിൽ ഒരു വഴിത്തിരിവായിരുന്നു ഗ്രാമശാസ്ത്രസമിതിയും, ഗ്രാമശാസ്ത്രജാഥയും. താഴെ തലത്തിലുള്ള അനൗപചാരിക ആസൂത്രണ സമിതികളായാണ് ഗ്രാമശാസ്ത്ര സമിതികളെ പരിഷത്ത് വിഭാവനം ചെയ്തിരുന്നത്. ജീവിതഗന്ധിയായ വിഷയങ്ങൾ അതിന്റെ വിശദാംശങ്ങളോടെ ജനങ്ങളുമായി നേരിൽ സംവദിക്കുന്നതിനായിരുന്നു ഗ്രാമജാഥകൾ നടത്തിയിരുന്നത്. 1970കളിലും 1980 കളിലുമാണ് ഈ പ്രവർത്തനങ്ങൾ കൂടുതൽ നടന്നത്. ഇടക്കാലത്ത് ഈ പ്രവർത്തനങ്ങൾ നിർത്തിവച്ചപ്പോഴും ജനങ്ങളുമായി നേരിൽ സംവദിക്കുന്നതിന് പദയാത്രകൾക്കുള്ള സാധ്യതയെപ്പറ്റി പരിഷത്തിന് തികഞ്ഞ ബോധ്യമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2023 ജനുവരി 26 മുതൽ ഫെബ്രുവരി 28 വരെ നടന്ന കേരള പദയാത്രയുടെ അനുഭവങ്ങൾ ഏറെ ആവേശകരമായിരുന്നു. ഒരു സംസ്ഥാനജാഥയായതിനാൽ നിശ്ചിത സമയത്തിനിടയിൽ ബന്ധപ്പെടാവുന്ന ജനങ്ങൾക്കും പ്രദേശങ്ങൾക്കും പരിധിയുണ്ടായിരുന്നുതാനും.

പദയാത്ര കഴിഞ്ഞ് ഒരു വർഷത്തിനിടയിൽ തന്നെ അന്ന് ചൂണ്ടിക്കാട്ടിയ പലതും ഇന്ത്യയിൽ പുതിയ പ്രതിസന്ധികളായി മാറിയിരിക്കയാണ്. അതിൽ പ്രധാനം ശാസ്ത്രബോധത്തിന്റെയും ഇന്ത്യയിലെ ശാസ്ത്ര സംവിധാനത്തിന്റെയും തകർച്ചയാണ്. സ്വതന്ത്ര ഇന്ത്യയുടെ പിൻനടത്തത്തിനാണ് ഇന്ന് വേഗത കൂടിക്കൊണ്ടിരിക്കുന്നത്. ഈ തിരിച്ചുപോക്കിനിടയിൽ നവ ലിബറലിസവും കോവിഡും തകർത്തെറിഞ്ഞ ഇന്ത്യയ്ക്ക് ബദലായൊരു ഇന്ത്യ സൃഷ്ടിക്കാൻ കഴിയില്ല. അതിനു കഴിയണമെങ്കിൽ ശാസ്ത്രബോധമടക്കമുള്ള ഭരണഘടനാമൂല്യങ്ങളെ ഇന്നത്തേതിനെക്കാൾ ആഴത്തിൽ പ്രചരിപ്പിക്കാനും ഒപ്പം ഇന്ത്യയിലെ മനുഷ്യ പ്രകൃതിവിഭവങ്ങളെ ആസൂത്രിതമാ

യി വിനിയോഗിക്കാനും കഴിയണം. അത്തരമൊരു ഇന്ത്യയുടെ ഭാഗമായി മാത്രമേ ഒരു നവകേരള സൃഷ്ടിയും സാധ്യമാകൂ എന്ന് ഞങ്ങൾ കരുതുന്നു.

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കരുത്താർജിച്ച സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങൾ കേരളചരിത്രത്തിൽ ഒരു പ്രത്യേക ഘട്ടത്തെ അടയാളപ്പെടുത്തുന്നുവെങ്കിലും ആ പ്രക്രിയയിൽ ശാസ്ത്രബോധം പ്രധാന പങ്കാളിയായിരുന്നില്ല. പ്രശ്നപരിഹാരം ശാസ്ത്രത്തിന്റെ നിരീക്ഷണ പരീക്ഷണങ്ങളിൽ അധിഷ്ഠിതമാണെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നില്ല. അതുകൊണ്ട് ബൗദ്ധികജീവിതം നയിക്കുന്നവർപോലും പ്രശ്നപരിഹാരത്തിന്നായി ഭൗതികേതര മാർഗങ്ങൾ ആരായുന്ന രീതി ശക്തിപ്പെട്ടു. അതിനാൽ പുരോഗമന ആശയങ്ങൾക്കൊപ്പം തന്നെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൂടി വളരുന്നതിനിടയാക്കി. ഈ സ്ഥിതി വളർന്നുവളർന്ന് ഇപ്പോൾ അന്ധവിശ്വാസവും മതവിശ്വാസവും ഈശ്വരവിശ്വാസവും തമ്മിലുള്ള വ്യത്യാസംപോലും തിരിച്ചറിയാതാവുകയാണ്. അതുകൊണ്ടുതന്നെ അന്ധവിശ്വാസത്തിനെതിരായുള്ള ചെറിയൊരു വിമർശനം പോലും മത / ഈശ്വരവിശ്വാസ വിമർശനങ്ങളാക്കി പെരുപ്പിച്ച് തെരുവുകളെപ്പോലും കലാപഭൂമികയാക്കി മാറ്റുകയാണ്.

ഇക്കാര്യങ്ങളെല്ലാം ജനങ്ങൾക്കിടയിൽ ചർച്ചചെയ്യാനുള്ള ബഹുജന വിദ്യാഭ്യാസപരിപാടിയായാണ് ഗ്രാമശാസ്ത്രജാഥ –2023 സംഘടിപ്പിക്കുന്നത്. പുത്തനിന്ത്യ പണിയുവാൻ ശാസ്ത്രബോധം വളരണം എന്നതാണ് പ്രധാന ചർച്ചാവിഷയം. ശാസ്ത്രബോധമാണ് ഒരു സമൂഹത്തിന്റെ ഏറ്റവും ഉയർന്ന രാഷ്ട്രീയബോധം എന്ന തിരിച്ചറിവിലാണ് പരിഷത്ത് ഈ ഒരു വിഷയം ചർച്ചചെയ്യുന്നത്. ശാസ്ത്രബോധത്തിലധിഷ്ഠിതമായ പുതിയൊരു സംസ്കാരമാണ് ഇതിന്റെ ഉത്പന്നമായി പ്രതീക്ഷിക്കുന്നത്. 2023 ഡിസംബറിലാണ് ഗ്രാമശാസ്ത്രജാഥ നടക്കുന്നത്. കേവലം ഒരു പദയാത്രയായി മാത്രമല്ല ജാഥ സംഘടിപ്പിച്ചത്. കാലികപ്രസക്തമായ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ലഘുലേഖകൾ, ഗ്രന്ഥങ്ങൾ എന്നിവ പ്രചരിപ്പിക്കും.

അതിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന 'വിദ്യാഭ്യാസ കുടിയേറ്റം കേരളത്തിൽ സംഭവിക്കുന്നത് ' എന്ന വിഷയത്തിലുള്ള ലഘുലേഖയാണിത്. ഇത് പരിഷത്തിന് വേണ്ടി തയ്യാറാക്കിയത് ചരിത്ര ഗവേഷകയും ശാസ്ത്രസാഹിത്യ പരിഷത്ത് കേന്ദ്ര നിർവാഹകസമിതി അംഗവുമായ ഡോ. പി യു മൈത്രിയാണ്. ഉന്നതവിദ്യാഭ്യാസത്തിനായുള്ള കേരളീയ യുവതയുടെ പലായനം ഒരു പുതിയ പ്രതിഭാസമാണ്. ഇതിന്റെ വിവിധ വശങ്ങൾ സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങളുടെയും സാധ്യതകളുടെയും പശ്ചാത്തലത്തിൽ പരിശോധിക്കുന്നതാണ് ഈ ലഘുലേഖയിലെ ഉള്ളടക്കം. ഡോ. മൈത്രിയോട് പരിഷത്തിന്റെ നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ഈ വിഷയം കേരളത്തിൽ ചർച്ചയ്ക്കായി സമർപ്പിക്കുകയാണ്.

**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

## ആമുഖം

ആധുനികചരിത്രത്തിൽ കുടിയേറ്റങ്ങൾക്ക് നിർണായക സ്വാധീനമാണു ള്ളത്. വ്യത്യസ്ത കാലങ്ങളിൽ വിവിധ കാരണങ്ങളെയും ആവശ്യങ്ങളെയും മുൻനിർത്തി മനുഷ്യർ നടത്തിയ യാത്രകൾ പിന്നീടങ്ങോട്ടുള്ള വംശപര വും ഭാഷാപരവും ഭൂമിശാസ്ത്രപരവുമായ നിരവധി പരിവർത്തനങ്ങൾക്ക് കാരണമായിട്ടുണ്ട്. മാനവചരിത്രത്തിലെ ഏറ്റവും വലിയ കുടിയേറ്റമായി കണക്കാക്കുന്നത് യൂറോപ്പിൽ നിന്നും വടക്കേ അമേരിക്കയിലേക്ക് നടന്ന 'ഗ്രേറ്റ് അറ്റ്ലാന്റിക് മൈഗ്രേഷൻ' എന്നറിയപ്പെടുന്ന കുടിയേറ്റമാണ്. 1820നും 1980നും ഇടയിൽ 3.7 കോടി ജനങ്ങളാണ് ഇത്തരത്തിൽ അമേ രിക്കയിലെത്തിച്ചേർന്നത്. ലോകമഹായുദ്ധങ്ങളുടെ അനന്തരഫലമായും വലിയ കുടിയേറ്റങ്ങൾ നടന്നിട്ടുണ്ട്. പല ആധുനിക ദേശരാഷ്ട്രങ്ങളിലും ഇന്നുകാണുന്ന ജീവിതരീതികളും സാമൂഹിക സംവിധാനങ്ങളും രാഷ്ട്രീയ ഘടനകളുമെല്ലാം കുടിയേറ്റങ്ങളുടെ അനന്തരഫലങ്ങളാണെന്ന് നിസ്സം ശയം പറയാം. ഇന്ന് ഇന്ത്യയിൽ ഉൾപ്പെടുന്ന പല പ്രദേശങ്ങളും ഇത്തരം കുടിയേറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചവയാണ്. ഇന്ത്യയിലെ മറ്റ് പ്രദേശങ്ങ ളുമായി താരതമ്യപ്പെടുത്തുമ്പോൾ കുടിയേറ്റങ്ങളുടെ വ്യത്യസ്തങ്ങളായ നാൾ വഴികളിലൂടെ കടന്നുപോയ ഇടമാണ് കേരളം എന്നും മനസ്സിലാകും.

ഇന്നത്തെ ലോകത്ത് നിരവധി കാരണങ്ങളാൽ കുടിയേറ്റങ്ങൾ നട ക്കുന്നുണ്ട്. ഏകദേശം 25.8 കോടി ജനങ്ങൾ ജന്മനാടിന് പുറത്തു ജീവിക്കു ന്നു എന്നാണ് കണക്കാക്കുന്നത്. യുദ്ധങ്ങൾ, രാഷ്ട്രീയ അരക്ഷിതാവസ്ഥ കൾ, പ്രകൃതിദുരന്തങ്ങൾ, മെച്ചപ്പെട്ട തൊഴിൽസാഹചര്യങ്ങൾക്കായുള്ള പലായനം തുടങ്ങി കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന കാലാവസ്ഥ കുടിയേറ്റം (climate migration)വരെ എത്തിനിൽക്കുകയാണിത്. 2018 ലെ ലോകബാങ്ക് റിപ്പോർട്ട് പ്രകാരം 14.3 കോടി ജനങ്ങളാണ് വരൾച്ച, വെ ള്ളപ്പൊക്കം തുടങ്ങിയ കാരണങ്ങളാൽ അധികം വൈകാതെ കുടിയേറ്റ

ക്കാരായി മാറുമെന്ന് കണക്കാക്കുന്നത്. ഈ കൂട്ടത്തിൽ അടുത്തിടെയായി വളരെയധികം സമൂഹശ്രദ്ധയാകർഷിച്ചതും പഠനവിധേയമായതുമായ ഒന്നാണ് ഉന്നതവിദ്യാഭ്യാസം ലക്ഷ്യംവച്ചുകൊണ്ട് പാശ്ചാത്യരാജ്യങ്ങളിലേക്കുള്ള കേരളത്തിൽനിന്നുള്ള യുവജനങ്ങളുടെ കുടിയേറ്റം.

കേരളത്തിൽ വളരെ ഗൗരവത്തോടെ ചർച്ചചെയ്തുകൊണ്ടിരിക്കുന്ന വിഷയമാണിത്. ആശങ്കാജനകമായ ഒന്നായി ഒരുവിഭാഗം ജനങ്ങൾ ഈ പ്രവണതയെ വിലയിരുത്തുമ്പോൾ പ്രത്യാശയും ജീവിതസുരക്ഷയും നൽകാൻ പര്യാപ്തമായ ഒന്നായാണ് മറ്റൊരുവിഭാഗം ഇതിനെ കണക്കാക്കുന്നത്. ഉന്നതവിദ്യാഭ്യാസ കുടിയേറ്റം കേരളത്തിൽ മാത്രമുള്ള സവിശേഷ സാഹചര്യമായി കണക്കാക്കാനാകില്ല. ആഗോളതലത്തിൽ തന്നെ ഇരുപത്തിയൊന്നാംനൂറ്റാണ്ടിന്റെ ആരംഭത്തോടെ വിദ്യാർത്ഥി കുടിയേറ്റത്തിൽ വമ്പിച്ച വർധനവാണ് ഉണ്ടായിരിക്കുന്നതെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. നിരവധി സാമൂഹിക–സാമ്പത്തിക ഘടകങ്ങളുമായി ചേർന്നുകൊണ്ടാണ് ഈ വിഷയം ചർച്ചചെയ്യുന്നത്. കേരളത്തിലെ സമകാലീന സാമ്പത്തിക–രാഷ്ട്രീയപശ്ചാത്തലത്തിൽ ഇത്തരമൊരു അന്വേഷണത്തിനും വിശകലനത്തിനും ഏറെ പ്രസക്തിയുണ്ട്.

### കുടിയേറ്റവും കേരളവും

ഒരു രാജ്യത്തുനിന്നോ പ്രദേശത്തുനിന്നോ മറ്റൊരിടത്തേക്കുള്ള സഞ്ചാരത്തെയാണ് കുടിയേറ്റം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. കുടിയേറ്റത്തിന്റെ സുദീർഘമായ ചരിത്രമുള്ള നാടാണ് കേരളം. ഇന്ത്യയിലെ തന്നെ താരതമ്യേന വികസിതവും വ്യവസായവത്കൃതവുമായ ബോംബെ, മദ്രാസ്, കൊൽക്കത്ത തുടങ്ങിയ വൻ നഗരങ്ങളിലേക്ക് പ്രയാണമാരംഭിച്ച മലയാളികൾ പിന്നീട് സിങ്കപ്പൂർ, മലേഷ്യ, ശ്രീലങ്ക, ബർമ തുടങ്ങിയ ഏഷ്യൻരാജ്യങ്ങളിലേക്ക് തൊഴിലന്വേഷകരായി ചെന്നെത്തിയിരുന്നു. എന്നാൽ, ഈ പ്രവണതയ്ക്ക് പുതിയ മാനങ്ങൾ കൈവന്നതും അത് കേരളത്തിന്റെ സാമ്പത്തിക–സാമൂഹികഘടനയെ സ്വാധീനിക്കാനാരംഭിച്ചതും ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തിന്റെ ആരംഭത്തോടെയാണ്. അറബ് രാജ്യങ്ങളിലെ എണ്ണ നിക്ഷേപത്തിന്റെ വലിയ കണ്ടെത്തലും 1970കളിലെ "ഗൾഫ് ബൂം" എന്നറിയപ്പെട്ട പ്രതിഭാസവും തൊഴിലാളികളുടെ ഒരു ഒഴുക്ക് തന്നെ സൃഷ്ടിച്ചു. അതിൽ ബഹുഭൂരിപക്ഷവും നാമമാത്രമായ തൊഴിൽ വൈദഗ്ധ്യം മാത്രമുള്ളവരായിരുന്നു. പരിമിതമായ സാമ്പത്തിക ചുറ്റുപാടുകൾ സൃഷ്ടിച്ച ബുദ്ധിമുട്ടുകൾ മറികടക്കുന്നതിന് വേണ്ടിയായിരുന്നു ഇതിൽ ഭൂരിഭാഗം പേരും കടൽ കടന്നത്. അതുകൊണ്ടാണ് ഗൾഫ് കുടിയേറ്റത്തെ ദുരവസ്ഥാകുടിയേറ്റം (Distress migration) എന്ന വിഭാഗത്തിൽപ്പെടുത്തിക്കൊണ്ടിരുന്നത്. 1998ൽ കുടിയേറ്റവുമായി ബന്ധപ്പെട്ട് നടത്തിയ കേരളത്തിലെ ആദ്യ സർവ്വേ (Kerala Migration Survey) പ്രകാരം 14 ലക്ഷം മലയാളികളാണ് ഗൾഫ് രാജ്യങ്ങളിലുണ്ടായിരുന്നത്. കേരള സമ്പദ് ഘടനയെ ശക്തിപ്പെടുത്തുന്നതിൽ നിർണായക ശക്തിക

ളിലൊന്നായി വർത്തിച്ചത് ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള പണമയക്കൽ (remittance) ആയിരുന്നു.

തൊഴിൽവൈദഗ്ധ്യം നേടിയ മലയാളികൾ പിന്നീട് യൂറോപ്പ്, വടക്കേ അമേരിക്ക, കാനഡ, ഓസ്ട്രേലിയ തുടങ്ങിയ പ്രദേശങ്ങളിലേക്ക് കുടിയേറാനാരംഭിച്ചിരുന്നു. എന്നാൽ ഇതിൽനിന്നെല്ലാം തീർത്തും വ്യത്യസ്തമാണ് ഇന്ന് കാണുന്ന വിദ്യാർത്ഥി കുടിയേറ്റം. ഉന്നതവിദ്യാഭ്യാസത്തിനായി വിദേശരാജ്യങ്ങളിലേക്കു പോകുന്നവർ കേരളത്തിലേക്ക് ഭാവിയിൽ മടങ്ങിവരാൻ ആഗ്രഹിക്കുന്നില്ല എന്നതാണ് ഇതിലെ പ്രധാന പ്രത്യേകത. താത്കാലികമായിരുന്ന മുൻകാല കുടിയേറ്റങ്ങളിൽ (temporary migration) നിന്നും വ്യത്യസ്തമായി സ്ഥിരം കുടിയേറ്റ (permanent migration)മാണ് പലരും ലക്ഷ്യംവയ്ക്കുന്നത്. സാമൂഹിക–സാമ്പത്തികരംഗങ്ങളിൽ നിരവധി പ്രത്യാഘാതങ്ങളും മാറ്റങ്ങളും ഉണ്ടാക്കാൻ സാധ്യതയുള്ള ഇത്തരം കുടിയേറ്റത്തിന്റെ കാരണങ്ങളായി അനവധി ഘടകങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്.

## എന്താണ് വിദ്യാർത്ഥി കുടിയേറ്റം?

പന്ത്രണ്ട് മാസമോ അതിലധികമോ കാലം വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ജന്മനാട്ടിൽ നിന്നും പുറത്തുപോകുന്നതിനെയാണ് വിദ്യാർത്ഥി കുടിയേറ്റം എന്ന് വിളിക്കുന്നത്. പത്തൊമ്പതാംനൂറ്റാണ്ടിന്റെ രണ്ടാംപകുതിയിലാണ് കൊളോണിയൽ ഏഷ്യയിൽ വലിയതോതിൽ വിദ്യാർത്ഥി കുടിയേറ്റം ഉണ്ടാകുന്നത്. അതിൽ തന്നെ ബ്രിട്ടീഷ് ഇന്ത്യയായിരുന്നു മുന്നിൽ. 1865നും 1885നും ഇടയിൽ എഴുന്നൂറിലധികം ഇന്ത്യൻ വിദ്യാർത്ഥികൾ ബ്രിട്ടനിലേക്ക് വിദ്യാഭ്യാസത്തിനായി പോയിരുന്നു. അതിൽ വലിയൊരു ശതമാനം ജാതി ശ്രേണിയിൽ മുകളിൽനിൽക്കുന്ന പുരുഷന്മാരായിരുന്നു. മാതൃരാജ്യത്ത് തിരിച്ചെത്തി കൊളോണിയൽ ഭരണത്തിൻ കീഴിൽ ഭരണ സംബന്ധമായ ജോലികളിൽ വ്യാപൃതരാകാനാവശ്യമായ ശേഷി ഉണ്ടാക്കുക എന്നതായിരുന്നു ഇതിന്റെ ആത്യന്തിക ലക്ഷ്യം. ബ്രിട്ടനിലെ ലണ്ടൻ സർവകലാശാല, ഓക്സ്ഫോർഡ്, കേംബ്രിഡ്ജ്, സ്കോട്ലൻഡിലെ എഡിൻബർഗ് സർവകലാശാല എന്നിവിടങ്ങളിൽ നിയമം, വൈദ്യശാസ്ത്രം തുടങ്ങിയവ പഠിക്കാനായിരുന്നു കൂടുതൽ പേരും പോയിരുന്നത്. ഇതു കൂടാതെ ഇന്ത്യൻ സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കാനായി പോയവരും ഇക്കൂട്ടത്തിലുണ്ടായിരുന്നു. ഇത് പിന്നീട് വടക്കേ അമേരിക്ക, ജപ്പാൻ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി.

ഇരുപത്തൊന്നാംനൂറ്റാണ്ടിന്റെ ആദ്യ ദശകത്തോടെ ആഗോള വിദ്യാർത്ഥി ചലനാത്മകതയും കുടിയേറ്റവും (International Student Mobility and Migration, ISM) ഗണ്യമായ രീതിയിൽ വർധിച്ചതായി കാണാനാകും. എണ്ണത്തിലുണ്ടായ വർധനവിനൊപ്പം ഇതിന്റെ രാഷ്ട്രീയ, സാമ്പത്തിക, അക്കാദമിക പ്രാധാന്യവും വർധിച്ചിട്ടുണ്ട്. ആഗോള വൈജ്ഞാനിക

സാമ്പത്തികവ്യവസ്ഥ മുന്നോട്ടുവയ്ക്കുന്ന മത്സരാധിഷ്ഠിതശേഷികളെ സ്വായത്തമാക്കാനുള്ള ശ്രമം കൂടിയാണിത്. തൊഴിൽദാതാക്കൾ ആഗോള നിലവാരത്തിലുള്ള പരിശീലനവും അനുഭവസമ്പത്തും ഉള്ളവരെയാണ് നിയമിക്കാൻ സന്നദ്ധരാകുന്നത് എന്നതും കുടിയേറാനുള്ള താത്പര്യത്തിന് ശക്തിപകരുന്നുണ്ട്. പല വികസിത മുതലാളിത്ത രാജ്യങ്ങളിലും വിദ്യാഭ്യാസം ജോലിയിലേക്കുള്ള പരിവർത്തനത്തെ സുഗമമാക്കുന്നുണ്ട്. അതാതു രാജ്യങ്ങളിൽ പരിശീലനം ലഭിച്ച വിദ്യാർത്ഥികളെക്കൊണ്ട് വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവത്തെ മറികടക്കാൻ ഈ രാജ്യങ്ങൾക്കാകുന്നു. കാനഡ, ഓസ്ട്രേലിയ, യു.കെ തുടങ്ങിയ രാജ്യങ്ങളാണ് ഇതിൽ മുൻപന്തിയിൽ. വിദേശ വിദ്യാർത്ഥികൾ മാർക്കറ്റിലെ സാധനങ്ങളുടെയും സേവനങ്ങളുടെയും ചോദനം വികസിക്കുന്നതിനും കാരണമാകുന്നതായി കേറ്റ് ഗ്രിബിൽ 2008ൽ നടത്തിയ പഠനത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.

## വിദ്യാർത്ഥി കുടിയേറ്റം: കാരണങ്ങൾ എന്തെല്ലാം?

വിദ്യാർത്ഥികളുടെ കുടിയേറ്റത്തിനുപിന്നിൽ ദേശീയവും അന്തർദേശീയവുമായ നിരവധി ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പല രാജ്യങ്ങളിലും വ്യത്യസ്തമായാണ് ഇത് പ്രവർത്തിക്കുന്നത്. കാലാനുസൃതമായി പുതുക്കപ്പെടാത്ത പാഠ്യപദ്ധതി, നൈപുണ്യശേഷി വികസിപ്പിച്ചെടുക്കാനുള്ള അവസരക്കുറവ്, സ്ഥിരതയുള്ള തൊഴിൽ ലഭിക്കാനുള്ള സാഹചര്യമില്ലായ്മ, ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലെ ഗവേഷണ അപര്യാപ്തത, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, രാഷ്ട്രീയ അരക്ഷിതാവസ്ഥകൾ തുടങ്ങി നിരവധി വിഷയങ്ങളാണ് പൊതുവിൽ ചൂണ്ടിക്കാണിക്കപ്പെടാറുള്ളത്.

വിദ്യാർത്ഥികൾ ഉന്നതപഠനത്തിന് പോകാനായി സ്ഥാപനങ്ങളും രാജ്യങ്ങളും തീരുമാനിക്കുന്നത് വ്യത്യസ്ത ഘടകങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. സർവകലാശാലകളുടെ അക്കാദമിക് റാങ്കിങ്, ജി ഡി പി പെർ കാപിറ്റ, ഭാഷ, കോളനിവത്കരണകാലത്തുനിന്നും തുടർന്നുപോരുന്ന ബന്ധങ്ങൾ തുടങ്ങിയവയായിരുന്നു അവ. എന്നാൽ മാറിയ സാഹചര്യത്തിൽ ഈ ഘടകങ്ങൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ച കണക്കുപ്രകാരം 6,46,206 വിദ്യാർത്ഥികളാണ് നവംബർ 2022 വരെ ഉന്നത വിദ്യാഭ്യാസത്തിനായി വിദേശരാജ്യങ്ങളിലേക്ക് പോയിട്ടുള്ളത്. ഓക്സ്ഫോർഡ് ഇന്റർനാഷണലിന്റെ പഠനമനുസരിച്ച് ഇതിൽ 12% ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽനിന്നാണ്. മഹാരാഷ്ട്രയിൽ നിന്ന് 11 ശതമാനവും കേരളത്തിൽ നിന്ന് 4 ശതമാനവും വിദ്യാർത്ഥികളാണ് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി വിദേശരാജ്യങ്ങളിൽ പോയിട്ടുള്ളത്.

വികസിതരാജ്യങ്ങളിൽ മെച്ചപ്പെട്ട ജീവിതനിലവാരമുണ്ട് എന്ന ധാരണ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിലെ ഒരു പ്രധാന ഘടകമാണ്. ഇത്തരം രാജ്യങ്ങളിൽ പി.ആർ (Permanent Residence) അല്ലെങ്കിൽ പൗരത്വം ലഭിക്കുന്നതിനുള്ള ഒരു ചവിട്ടുപടിയായോ എളുപ്പമാർഗമായോ പലരും വിദ്യാ

ഭ്യാസ കുടിയേറ്റത്തെ കാണക്കാക്കുന്നുണ്ട്. ഇത്തരം രാജ്യങ്ങൾ മുന്നോട്ടു വയ്ക്കുന്ന സാമൂഹിക സുരക്ഷാപദ്ധതികളും പ്രധാന ആകർഷണങ്ങളാണ്. ഇതിനെല്ലാം ഉപരിയായി ചൂണ്ടിക്കാണിക്കപ്പെടുന്ന മറ്റു പ്രധാന വിഷയങ്ങൾ ഇവിടങ്ങളിൽ ഏതുതരം തൊഴിലിനും ലഭിക്കുന്ന മാന്യതയും വ്യക്തിസ്വാതന്ത്ര്യവുമാണ്. സമൂഹം, കുടുംബം, മതം മുതലായവയുടെ ഒരു പരിധിയിൽ കവിഞ്ഞ ഇടപെടൽ ആഗ്രഹിക്കാത്ത വലിയൊരു ശതമാനം യുവജനങ്ങൾ ഇന്നുണ്ട് എന്നുള്ളത് ഈ മാറ്റത്തിന് ആക്കം കൂട്ടുന്നു.

കോവിഡ് മഹാമാരിക്കാലത്ത് ഇന്റർനെറ്റിന്റെ ഉപയോഗത്തിലുണ്ടായ വർധനവ് യുവജനതയുടെ സാംസ്കാരികമായ ചിന്തകളിൽ കാതലായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് കണക്കാക്കുന്നു. സാമൂഹിക മാധ്യമങ്ങളിലൂടെ മറ്റ് ആഗോള സംസ്കാരങ്ങളെ കൂടുതൽ അടുത്തറിഞ്ഞ ഈ തലമുറ അവയുമായി ആഭിമുഖ്യം പുലർത്തുന്ന തലത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. പരമ്പരാഗത സാമ്പ്രദായിക കാഴ്ചപ്പാടുകളെയും രീതികളെയും മറികടക്കാനുള്ള ഒരു ത്വര ഇത്തരത്തിൽ രൂപപ്പെട്ടിട്ടുണ്ട്. ഇതും വിദേശകുടിയേറ്റത്തിന്റെ ഒരു കാരണമായി വിലയിരുത്തപ്പെടുന്നു.

രക്ഷിതാക്കളുടെ മനോഭാവത്തിലും കാഴ്ചപ്പാടിലും വന്നിട്ടുള്ള മാറ്റങ്ങളും വിദ്യാഭ്യാസ കുടിയേറ്റത്തിന്റെ ഒരു സുപ്രധാന ഘടകമാണ്. സാമ്പത്തികമോ സാമൂഹികമോ രാഷ്ട്രീയമോ ആയി മുൻപന്തിയിൽ നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളാണ് മുൻകാലങ്ങളിൽ വിദേശപഠനത്തിന് കൂടുതലായും പോയിരുന്നത് എങ്കിൽ ഇന്ന് മധ്യവർഗകുടുംബങ്ങളിലെ വിദ്യാർത്ഥികളും വലിയതോതിൽ വിദേശവിദ്യാഭ്യാസത്തിനായി പോകുന്നുണ്ട്. അങ്ങനെ പോയി ജോലിനേടിയവരുടെയും അവിടെ സ്ഥിരതാമസമാക്കിയവരുടെയും വിജയകഥകളും പലരെയും പോകാൻ പ്രേരിപ്പിക്കുന്നുണ്ട്. സാമൂഹിക–സാമ്പത്തികശാസ്ത്രത്തിൽ 'അയൽപ്പക്ക പ്രഭാവം' (Neighbourhood Effect) എന്നറിയപ്പെടുന്ന ഈ പ്രതിഭാസം വിദ്യാഭ്യാസ കുടിയേറ്റക്കാര്യത്തിൽ കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് സെന്റർ ഫോർ മൈഗ്രേഷൻ ആൻഡ് ഇൻക്ലൂസീവ് ഡവലപ്മെന്റിലെ (CMID) ബിനോയ് പീറ്റർ അഭിപ്രായപ്പെടുന്നു. പരിസരപ്രദേശങ്ങളിലുള്ളവരോ പിയർ ഗ്രൂപ്പിൽപ്പെട്ടവരോ ആയ ആളുകൾ വിദേശങ്ങളിലേക്ക് പോകുമ്പോൾ അത് ഒരു ശൃംഖലാ പ്രതിപ്രവർത്തനമായി (chain reaction) മാറുന്നു. ഏതൊക്കെ കോഴ്സുകളാണ് വിവിധ രാജ്യങ്ങളിലും സർവകലാശാലകളിലും ഉള്ളത്, എത്ര പണമാണ് ചെലവഴിക്കേണ്ടിവരിക തുടങ്ങിയ കാര്യങ്ങളെക്കുറിച്ചെല്ലാമുള്ള ധാരണ ഇത്തരം ബന്ധങ്ങളിലൂടെ ആളുകൾക്ക് ലഭിക്കുന്നു.

വിദ്യാഭാസലോണുകൾ നൽകാൻ തയ്യാറായ ബാങ്കുകളുടെ വർധനവ് കുടിയേറ്റത്തിന് ആക്കം കൂട്ടുന്നുണ്ട്. തവണകളായി അടച്ചുതീർക്കാൻ സാധിക്കുന്ന ലോണുകളുടെ ലഭ്യത മധ്യവർഗത്തിന് അനുകൂലമായ സാഹചര്യം ഒരുക്കിക്കൊടുക്കുന്നുണ്ട്. സൗത്ത് ഇന്ത്യൻ ബാങ്ക് ഗ്ലോബൽ എഡ്യൂക്കേഷൻ, സൗത്ത് ഇന്ത്യൻ ബാങ്ക് എക്സലൻസ്, സൗത്ത് ഇന്ത്യൻ

ബാങ്ക് വിജ്ഞാൻ പ്രധാൻ സ്കീം, കേരള ഗ്രാമീണ ബാങ്ക് വിദ്യാഭ്യാസ ലോൺ, ഇന്ത്യൻ ബാങ്ക് എഡ്യൂക്കേഷൻ ലോൺ, ഫെഡറൽ ബാങ്ക് സ്പെഷ്യൽ വിദ്യ ലോൺ, എച്ച്.ഡി.എഫ്.സി ബാങ്ക് വിദ്യാഭ്യാസ ലോൺ, എസ്.ബി.ഐ ഗ്ലോബൽ Ed-vantage, പഞ്ചാബ് നാഷണൽ ബാങ്ക് ഉദാൻ, കാത്തലിക് സിറിയൻ ബാങ്ക് സ്റ്റഡി എബ്രോഡ് തുടങ്ങിയവ ഇതിന്റെ ഏതാനും ചില ഉദാഹരണങ്ങളാണ്.

അന്താരാഷ്ട്രതലത്തിൽ തന്നെ ശക്തമായ 'കുടിയേറ്റ വ്യവസായ'ത്തിന്റെ (Migration Industry) സവിശേഷതകളെല്ലാം കേരളത്തിൽ ഇന്ന് പ്രകടമാണ്. രാജ്യാന്തര റിക്രൂട്ടിങ് ഏജൻസികളുടെ സാന്നിധ്യം ഇതിൽ എടുത്തുപറയേണ്ട ഒരു വസ്തുതയാണ്. വിദ്യാഭ്യാസ കുടിയേറ്റത്തിനു സഹായിക്കുന്ന ആഗോള ഏജന്റുമാർ, സ്ഥാപനങ്ങൾ , റിക്രൂട്ട്മെന്റ് സംഘങ്ങൾ എന്നിവ ഉൾപ്പെടുന്ന കുടിയേറ്റ വ്യവസായത്തിന്റെ സജീവസാന്നിധ്യം ഇന്ന് ഇവിടെയുണ്ട്. സാന്റാ മോണിക്ക, സ്റ്റഡി എബ്രോഡ് പ്രൈവറ്റ് ലിമിറ്റഡ്, ഐ സ്കൂൾ കണക്റ്റ്, ഇമ്മിലോ ഗ്ലോബൽ, ക്യാമ്പസ് വേൾഡ് തുടങ്ങിയവയെല്ലാം കേരളത്തിലെ മുൻനിര വിദേശവിദ്യാഭ്യാസ കൺസൽറ്റൻസികളാണ്.

ഏറ്റവും അനുയോജ്യമായ കോളേജുകളും സർവകലാശാലകളും തിരഞ്ഞെടുക്കുന്നതു മുതൽ അപേക്ഷ സമർപ്പിക്കുന്നതും പ്രവേശനം നേടുന്നതും വരെയുള്ള മുഴുവൻ മാർഗനിർദേശങ്ങളും ഇത്തരം ഏജൻസികൾ നൽകുന്നുണ്ട്. വിദ്യാഭ്യാസലോണും വിസയും ലഭിക്കുന്നതിനാവശ്യമായ സഹായങ്ങളും ഈ ഏജൻസികൾ നൽകുന്നു. കേരളത്തിലെ മുഴുവൻ ജില്ലകളിലും പ്രധാന നഗരങ്ങളിലും ശാഖകളുള്ള സ്ഥാപനങ്ങളും ഇക്കൂട്ടത്തിലുണ്ട്. ഇവയിൽ ചിലവ പല വിദേശ സർവകലാശാലകളുടെയും അംഗീകൃത പ്രതിനിധികൾ കൂടിയാണ്. ഒരു പ്രമുഖ ഏജൻസി കാനഡയിലെ ഒരു കോളേജിലേക്ക് ഏഴായിരത്തിലധികം വിദ്യാർത്ഥികളെയാണ് റിക്രൂട്ട് ചെയ്തത്.

നിർമ്മിതബുദ്ധിയും മെഷീൻ ലേണിംഗും ഉപയോഗിച്ച് ലോകമെമ്പാടുമുള്ള സ്ഥാപനങ്ങളിൽ തങ്ങൾക്കനുയോജ്യമായവ തിരഞ്ഞെടുക്കാൻ വിദ്യാർത്ഥികളെ സഹായിക്കുന്ന സ്ഥാപനങ്ങളടക്കം ഇന്ന് കേരളത്തിലുണ്ട്. വിദ്യാർത്ഥികൾ നേരിട്ട് അപേക്ഷിക്കുമ്പോൾ തിരസ്കരിക്കപ്പെടാനുള്ള സാധ്യത നിലനിൽക്കുന്നതിനാൽ ഏജൻസികൾ ഒരു സുരക്ഷിത മാർഗമായി പലരും കണക്കാക്കുന്നു. അപേക്ഷ സമയത്ത് സമർപ്പിക്കേണ്ട ഡോക്യുമെന്റ്സ്, വിദ്യാഭ്യാസത്തിനും ജീവിതച്ചെലവിനുമായി വരുന്ന ചെലവിന്റെ കണക്കുകൾ തുടങ്ങി നിരവധി കാര്യങ്ങളിലെ ആധികാരിക സ്വരങ്ങളായി ഈ ഏജൻസികൾ ഇന്ന് മാറിക്കഴിഞ്ഞിട്ടുണ്ട്. വിദേശ പഠന എക്സ്പോകൾ, എഡ്യൂക്കേഷൻ മേളകൾ, വിദഗ്ധർ പങ്കെടുക്കുന്ന സെമിനാറുകൾ, IELTS പരിശീലനങ്ങൾ തുടങ്ങിയവയെല്ലാം ഇവർ സംഘടിപ്പിക്കുന്നുണ്ട്. പ്രീ ഡിപ്പാർച്ചർ മീറ്റിങ് എന്നപേരിൽ വിദേശത്തേക്ക് പോകുന്നതിനു തൊട്ടുമുമ്പായി പോകാനുദ്ദേശിക്കുന്ന രാജ്യത്തെക്കുറിച്ച്

ആധികാരികമായ വിവരങ്ങൾ നൽകുന്ന ക്ലാസുകൾ ഇവർ നൽകുന്നുണ്ട്. വിദേശത്തെ താമസവുമായി ബന്ധപ്പെട്ട പാക്കേജുകളും ഇത്തരം ഏജൻസികൾ ഏറ്റെടുത്ത് ചെയ്യുന്നുണ്ട്. ചുരുക്കത്തിൽ രാജ്യത്തിനു പുറത്ത് പോകാനാഗ്രഹിക്കുന്ന വിദ്യാർത്ഥികളെ ആശങ്കക്കോ അരക്ഷിതാവസ്ഥക്കോ ഇടമില്ലാത്തവിധം മാർഗനിർദേശങ്ങൾ നൽകാൻ തങ്ങൾക്കാകുമെന്ന് അടിവരയിട്ടു പറയുകയാണ് കേരളത്തിലെ പല ഏജൻസികളും.

## വിദേശ രാജ്യങ്ങളും വിദ്യാഭ്യാസ കുടിയേറ്റവും

പല വികസിത മുതലാളിത്ത രാജ്യങ്ങളുടെയും ദേശീയ വിദ്യാഭ്യാസനയങ്ങൾ കുടിയേറ്റവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഇതിനെ സാധൂകരിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള നിരവധി ഘടകങ്ങളുമുണ്ട്. സാമ്പത്തികവളർച്ചക്ക് കാരണമാകുന്ന ഏജന്റുമാരായോ വിജ്ഞാനമേഖലയെ മുന്നോട്ടുകൊണ്ടുപോകുന്നവരായോ വിദ്യാഭ്യാസത്തിനായി എത്തിച്ചേർന്ന വിദ്യാർത്ഥികളെ കണക്കാക്കാറുണ്ട്.

ആഗോളവത്കരണത്തിനുശേഷം ഉന്നതവിദ്യാഭ്യാസരംഗത്തെ അന്താരാഷ്ട്രവത്കരണം (Internationalisation) വർധിക്കുകയും അത് കമ്പോളം നയിക്കുന്ന പ്രവർത്തനമായി മാറുകയും ചെയ്തിട്ടുണ്ട്. ഉന്നതനിലവാരം പുലർത്തുന്ന വിഖ്യാത സർവകലാശാലകളിൽനിന്നുമുള്ള ബിരുദം അഭിമാനകരമായ ഒന്നായി കണക്കാക്കിയിരുന്നിടത്ത് നിന്നും മികച്ച തൊഴിലും കൂടിയ ശമ്പളവും സാമൂഹിക അംഗീകാരവും ലഭിക്കാനുള്ള ഒന്നായി വിദേശ വിദ്യാഭ്യാസം മാറപ്പെട്ടു. ഇതിനായി പണം ചെലവാക്കാൻ തയ്യാറായ ഒരു മധ്യവർഗം ആഗോളതലത്തിൽ തന്നെ ഉയർന്നുവന്നിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തെ ഒരു പ്രധാന ആഗോള കയറ്റുമതി ഉത്പന്നമായാണ് (Global export commodity) പലരാജ്യങ്ങളും വിലയിരുത്തുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്തെ ഒരു പ്രധാന വരുമാനസ്രോതസ്സായും പല രാജ്യങ്ങളും വിദേശവിദ്യാർത്ഥികളെ കരുതുന്നു.

2014–15 കാലയളവിൽ യു.കെ ഇക്കോണമിയുടെ ഗ്രോസ് ഔട്ട് പുട്ടിലേക്ക് 2580 കോടി പൗണ്ട് വന്നുചേർന്നത് വിദേശവിദ്യാർത്ഥികളിൽ നിന്നായിരുന്നു. ഇതേ കാലയളവിൽ യു.കെ സർവകലാശാലകളിലെ മൊത്തം വരുമാനത്തിന്റെ 14% വന്നുചേർന്നതും വിദേശവിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസിൽ നിന്നായിരുന്നു. ചുരുക്കത്തിൽ പല ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളവും വിദേശവിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത് ലാഭകരമായ ഒന്നാണ്. അതാത് രാജ്യങ്ങളിലെ വിദ്യാർത്ഥികളെക്കാൾ കൂടുതൽ ഫീസാണ് പുറത്തുനിന്നുള്ളവരിൽ നിന്നും ഈടാക്കുന്നത്.

ന്യൂഡൽഹിയിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷൻ 2019ൽ പ്രസിദ്ധീകരിച്ച യു.കെ. ഇമിഗ്രേഷൻ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം മുപ്പതിനായിരത്തിൽ അധികം ഇന്ത്യൻ വിദ്യാർത്ഥികൾക്കാണ് 2019 സെപ്റ്റംബർ വരെ 4 ടയർ (വിദ്യാഭ്യാസ) വിസ ലഭിച്ചത്. തൊട്ടുമുൻപുള്ള വർഷത്തിൽ ഇത് 19,000 ആയിരു

ന്നു. 2000 മുതൽ 2010 വരെ 2,70,000ത്തിൽ അധികം ഇന്ത്യൻ വിദ്യാർത്ഥികൾ യു.കെ സർവകലാശാലകളിൽ നിന്നും വിദ്യാഭ്യാസം നേടിയിട്ടുണ്ട്. 63% വർധനവാണ് യു.കെയിലെത്തുന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ കാര്യത്തിലുണ്ടായതെന്നും സ്റ്റാറ്റിസ്റ്റിക്സ് വിലയിരുത്തുന്നു.

താത്കാലിക പൗരന്മാരായിരിക്കുന്നതോടൊപ്പം സംശയത്തിന്റെ നിഴലിൽ നിൽക്കുന്ന കുടിയേറ്റക്കാരായും വിദ്യാർത്ഥികൾ മാറാറുണ്ട്. വൊന്നേ റിയാനോ, ക്രിസ്റ്റോഫ് വാൻമോൽ, പാർവതി രഘുറാം എന്നിവർ ചേർന്ന് നടത്തിയ പഠനത്തിൽ (New Directions in Studying Policies of International Student Mobility and Migration) ഇതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ചൈന പോലെ ചില രാജ്യങ്ങളിൽനിന്നുള്ള വിദ്യാർത്ഥികളെ പല വികസിതരാജ്യങ്ങളും ഭാവിയിലെ തൊഴിലാളി കുടിയേറ്റക്കാരായാണ് കണക്കാക്കുന്നത്. വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന വിസ ഒരു പിൻവാതിൽപ്രവേശനം പോലെ ഉപയോഗിച്ച് ക്രമവിരുദ്ധമായി തൊഴിൽ മാർക്കറ്റിന്റെ ഭാഗമാകാൻ ഇവർ ശ്രമിക്കുന്നു.

വിദ്യാഭ്യാസ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഒരു മൃദുശക്തിയായി (soft power) വളർന്ന് മികച്ച ധൈഷണികശേഷിയുള്ള ഒരു വിഭാഗത്തെ തങ്ങളുടെ നിയന്ത്രണത്തിലാക്കാൻ ചില രാജ്യങ്ങൾ ശ്രമിക്കുന്നു. അമേരിക്കയും ചൈനയുമാണ് ഇതിന്റെ മികച്ച ഉദാഹരണങ്ങളായി വിലയിരുത്തപ്പെടുന്നത്. ആഫ്രിക്കൻരാജ്യങ്ങളിൽനിന്നുള്ള വിദ്യാർത്ഥികൾക്ക് വലിയരീതിയിൽ പ്രവേശനം നൽകി ആഫ്രിക്കയിൽ ചൈനയുടെ മൃദുശക്തി വർധിപ്പിക്കാൻ ശ്രമിക്കുന്നതിനോടൊപ്പം വിദ്യാഭ്യാസമേഖലയിൽ നിന്നും വരുമാനമുണ്ടാക്കാനും ചൈന ശ്രമിക്കുന്നതായി ഈ പഠനം വ്യക്തമാക്കുന്നു. പോർച്ചുഗൽ പോലെയുള്ള രാജ്യങ്ങളും തങ്ങളുടെ പഴയ കോളനികളായ ലാറ്റിൻ അമേരിക്കൻ, ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നുള്ള വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിച്ച് ഈ പ്രദേശങ്ങൾക്ക് മേലുള്ള ആധിപത്യം മറ്റൊരുരീതിയിൽ തുടരാനാഗ്രഹിക്കുന്നവരാണ്. ഭാഷ, സംസ്കാരം, ചരിത്രം തുടങ്ങിയവയിൽ അവശേഷിക്കുന്ന സമാനതകൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഈ ശ്രമങ്ങൾ നടത്തുന്നത്.

## വിദ്യാർത്ഥി കുടിയേറ്റം : കേരളത്തിൽ നടക്കുന്നത്

ഓൾ ഇന്ത്യ സർവ്വെ ഓഫ് ഹയർ എഡ്യൂക്കേഷൻ (AISHE), 2020 –21 അനുസരിച്ച് കോളേജുകളുടെ എണ്ണത്തിലും സാന്ദ്രതയിലും ഇന്ത്യയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ദേശീയ ശരാശരി ഒരുലക്ഷം വിദ്യാർത്ഥികൾക്ക് 31 കോളേജുകൾ എന്നാണെന്നിരിക്കെ കേരളത്തിൽ അത് 50 എന്ന അനുപാതത്തിലാണ്. 1448 കോളേജുകളും 14 സർവകലാശാലകളും കേരളത്തിലുണ്ട്. കേരളത്തിലെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) 43.2% ആണ്. ദേശീയ ശരാശരി 27.3% ആണ്. പി എച്ച് ഡി, എം ഫിൽ, ബിരുദാനന്തര ബിരുദം, ബിരുദം, പി ജി ഡിപ്ലോമ, ഡിപ്ലോമ, മറ്റ് സർട്ടിഫിക്കറ്റ് ഇന്റ

ഗ്രേറ്റഡ് കോഴ്സുകൾ എന്നിവയിലായി 13,64,536 വിദ്യാർത്ഥികളാണ് സർവ്വെ കാലയളവിൽ പ്രവേശനം നേടിയിട്ടുള്ളത്. ഇതിൽ 8,04,911 പേർ പെൺകുട്ടികളും 5,59,625 പേർ ആൺകുട്ടികളുമാണ്. ഇന്ത്യയിലെ ഏറ്റവും മികച്ച ജൻഡർ പാരിറ്റി ഇൻഡക്സുകളിൽ (GPI) ഒന്നാണിത്. കേന്ദ്രഗവണ്മെന്റ് വിദ്യാഭ്യാസമന്ത്രാലയത്തിന്റെ 2023ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (NIRF) പ്രകാരം ഇന്ത്യയിലെ ആദ്യ നൂറ് കോളേജുകളിൽ 15 എണ്ണം കേരളത്തിലാണ്. (ഇരുപത്തിയാറാംറാങ്കോടെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജാണ് കേരളത്തിൽ ഒന്നാമത്.) ഡൽഹിയും തമിഴ്നാട്ടുമാണ് കേരളത്തിനെക്കാൾ മുന്നിൽ നിൽക്കുന്ന രണ്ട് സംസ്ഥാനങ്ങൾ.

ഇത്തരമൊരു സാഹചര്യത്തിലും ഉന്നതവിദ്യാഭ്യാസം നേടുന്നതിനും നൈപുണീവികസനത്തിനും ശേഷമുള്ള തൊഴിലിനും കേരളം ഒരു അനുയോജ്യസ്ഥലമല്ല എന്ന ധാരണ പൊതുവിൽ ശക്തിപ്പെടുകയാണ്. പ്ലസ്ടു പഠനത്തിന് ശേഷം സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗപ്പെടുത്തി വിദേശത്തേക്ക് ചേക്കേറാൻ ശ്രമിക്കുന്നവർ കൂടിവരികയാണ്. അമേരിക്ക, യു.കെ, ഓസ്ട്രേലിയ, കാനഡ തുടങ്ങി കാലാകാലങ്ങളായി വിദ്യാർത്ഥികൾ തിരഞ്ഞെടുത്തിരുന്ന രാജ്യങ്ങൾക്കു പുറമെ, മെക്സിക്കോ, ഐസ്ലാൻഡ്, വിയറ്റ്നാം, കിർഗിസ്ഥാൻ, ബാർബഡോസ്, സ്ലോവേനിയ, സ്ലൊവാക്യ എന്നിവിടങ്ങളിലും മലയാളി വിദ്യാർത്ഥികൾ പഠനാവശ്യത്തിനായി പോകുന്നുണ്ടെന്ന് ജസ്റ്റിൻ ജോർജ്ജും ടോം പയസ്സും ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്കിലിയിലെ പഠനത്തിൽ പറയുന്നു.

പക്ഷെ കേരളത്തിൽനിന്ന് ആശങ്കാജനകമായ രീതിയിൽ വിദ്യാഭ്യാസ കുടിയേറ്റം നടക്കുന്നു എന്ന വാദത്തെ ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി തള്ളിക്കളയുന്നുണ്ട്. ഇതിനെ ഒരു 'പാൻ ഇന്ത്യൻ' പ്രതിഭാസമായാണ് വിലയിരുത്തുന്നത്. കാനഡ, ഓസ്ട്രേലിയ പോലെയുള്ള രാജ്യങ്ങൾ മനുഷ്യവിഭവശേഷിയുടെ കുറവ് നികത്താൻ കുടിയേറ്റനയങ്ങൾ ഉദാരമാക്കിയതും ബിരുദാനന്തര ബിരുദപഠനത്തോടൊപ്പം തൊഴിൽചെയ്യാനുള്ള പെർമിറ്റ് ലഭ്യമാക്കുന്നതും കൂടുതൽ പുരോഗമനപരമായ സാമൂഹിക അന്തരീക്ഷവും മികച്ച ജീവിതനിലവാരവുമെല്ലാം ഇതിന് കാരണമാകുന്നുണ്ടെന്നും ചൂണ്ടിക്കാണിക്കുന്നു. നിയമസഭയിൽ അവതരിപ്പിച്ച കണക്കുപ്രകാരം കഴിഞ്ഞ കുറച്ച് വർഷത്തിനുള്ളിൽ കേരളത്തിൽനിന്നും വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി വിദേശത്തുപോയവരുടെ കണക്കുകൾ താഴെ കൊടുക്കുന്നു (പട്ടിക 1).

പട്ടിക 1. വിദേശപഠനം

| വർഷം | വിദ്യാർത്ഥികൾ |
|---|---|
| 2016 | 18,428 |
| 2017 | 22,093 |
| 2018 | 26,456 |
| 2019 | 30,948 |
| 2020 | 15,277 |

അതേസമയം കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് 3. 3 ലക്ഷം വിദ്യാർത്ഥികൾ കേ

രളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടുതലായി പ്രവേശനം നേടിയിട്ടുണ്ടെന്നതാണ് യാഥാർഥ്യം. പതിനൊന്നാം ഓൾ ഇന്ത്യ ഹയർ എഡ്യൂക്കേഷൻ സർവ്വെ പ്രകാരം കഴിഞ്ഞ ഏതാനും വർഷങ്ങളിൽ കേരളത്തിലെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ 10% വർധിച്ചിരിക്കുന്നു. അത് താഴെപറയും പ്രകാരമാണ്.

| വർഷം | വിദ്യാർത്ഥികൾ |
|---|---|
| 2016–17 | 10,33,143 |
| 2017–18 | 10,82,917 |
| 2018–19 | 10,95,842 |
| 2019–20 | 11,37,853 |
| 2020– 21 | 13, 64,536 |

കണക്കുകൾ ഇങ്ങനെയാണെങ്കിലും നേരെ മറിച്ചൊരു വാദഗതിയും മറുവശത്ത് പ്രബലമാണ്. വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭിക്കുന്നതിനായി ബിരുദം നേടാനാഗ്രഹിക്കുന്ന ഒരു വിഭാഗം കേരളത്തിലുണ്ട്. ഇവരിൽ പലരും തൊഴിൽ ഉറപ്പുനൽകുന്ന കോഴ്സുകളുടെ അഭാവത്തിൽ പരമ്പരാഗത ബിരുദ കോഴ്സുകളിൽ ചേരുന്നവരാണ്. ഇതോടൊപ്പം പോകണമെന്ന് ആഗ്രഹമുണ്ടെങ്കിലും ബൗദ്ധികസാഹചര്യങ്ങളുടെ അഭാവംമൂലമാണ് അതിനു സാധിക്കാത്തതെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. കേരളത്തിൽ പഠനം പൂർത്തിയാക്കിയാലും ഭാവി ശുഭകരമാകുമോ എന്ന ആശങ്ക പലർക്കിടയിലും ശക്തമാണ്. സർക്കാർസംവിധാനത്തിന് കീഴിലുള്ള തൊഴിലുകളുടെ എണ്ണം പരിമിതമാണെന്നതും സ്വകാര്യമേഖലയിൽ അധ്വാനവും ജോലിസമയവും കൂടുതലും വേതനം കുറവുമാണെന്നതും ഇതിന് ആക്കംകൂട്ടുന്നുണ്ട്. തൊഴിൽ– ജീവിത സമതുലിതാവസ്ഥ (work–life balance) ഈ സാഹചര്യത്തിൽ അപ്രാപ്യമായ ഒന്നാണ്. പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്ന തൊഴിൽ അന്വേഷകരെ ഉൾക്കൊള്ളാനുള്ള ശേഷി കേരളീയസമൂഹത്തിനുണ്ടോ എന്നത് ചോദ്യചിഹ്നമായി നിൽക്കുകയാണ്.

കേന്ദ്രഗവണ്മെന്റിനു കീഴിലുള്ള തൊഴിൽമന്ത്രാലയം നടത്തിയ അഞ്ചാമത് വാർഷിക തൊഴിൽ–തൊഴിലില്ലായ്മ സർവേ 2015–16 (5th Annual Employment–Unemployment Survey 2015–16) പ്രകാരം കേരളത്തിലായിരുന്നു ഏറ്റവും ഉയർന്ന തൊഴിലില്ലായ്മനിരക്ക്. ദേശീയതലത്തിൽ 5% ആയിരിക്കെ കേരളത്തിൽ ഇത് 12.5 ശതമാനമാണ്. (ഈ റിപ്പോർട്ട് പ്രകാരം കേരളത്തിൽ സർവകലാശാലാവിദ്യാഭ്യാസം നേടിയവരുടെ ഇടയിലാണ് തൊഴിലില്ലായ്മനിരക്ക് ഏറ്റവും കൂടുതലായുള്ളത്. ബിരുദാനന്തര ബിരുദധാരികളിൽ നാലിൽ ഒന്നും ടെക്നിക്കൽ ഡിഗ്രി നേടിയവ രിൽ ആറിൽ ഒന്നും വൊക്കേഷണൽ പരിശീലനം നേടിയവരിൽ ആറിൽ ഒന്നും തൊഴിലില്ലാത്തവരാണ്.) എന്നാൽ ഏറ്റവുംപുതിയ സർവ്വെപ്രകാരം ഇത്

8.9 ശതമാനമായി കുറഞ്ഞത് കേരളത്തിന് ചെറിയൊരു ആശ്വാസം പകരുന്നുണ്ട്. 2017 വരെയുള്ള കണക്കനുസരിച്ച് കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിലന്വേഷകരുള്ള ജില്ല തിരുവനന്തപുരവും ഏറ്റവും കുറവ് വയനാട്ടമാണ്. ഇത്തരമൊരു സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കാനും അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ നിന്ന് കഷ്ടപ്പെടാനും പുതുതലമുറ തയ്യാറല്ല എന്നതാണ് യാഥാർഥ്യം. (2010 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനത്തിൽ ഇടിവുണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നു.) ഇത്തരമൊരു സാഹചര്യത്തിൽ എത്ര നന്നായി പഠിച്ചാലും കേരളത്തിൽ രക്ഷയില്ല എന്ന പൊതുധാരണ ശക്തിപ്പെട്ടിരിക്കയാണ്.

മികച്ച വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനങ്ങളുണ്ടായാലും തൊഴിലുകൾ സൃഷ്ടിക്കപ്പെടണമെന്നില്ല. കേരളത്തിന്റെ സവിശേഷമായ സാഹചര്യങ്ങളെ വിദഗ്ധമായി ഉപയോഗപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പരിശ്രമം ഉണ്ടാകുന്നില്ല എന്നൊരു അഭിപ്രായവും യുവജനങ്ങൾക്കിടയിൽ ശക്തമാണ്. വൻ വ്യവസായങ്ങളോ, വ്യാപകമായ കൃഷിയോ ഇല്ലെങ്കിൽ പോലും ഭൂപ്രകൃതിക്കും മറ്റ് സവിശേഷതകൾക്കുമനുസരിച്ച് വികസിപ്പിച്ചെടുക്കാവുന്നവയെ ഉപയോഗിച്ചും മനുഷ്യവിഭവശേഷിയെ തൊഴിൽശക്തിയായി പരിവർത്തനപ്പെടുത്തിയും മാറ്റങ്ങളുണ്ടാക്കാൻ സാധിക്കാത്തത് വലിയൊരു പോരായ്മയായി ചൂണ്ടിക്കാണിക്കുന്നുണ്ട്.

വിദേശപഠനത്തിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിന്റെ ഒരു പ്രധാനകാരണം അതിന്റെ തൊഴിലുമായുള്ള ബന്ധമാണ്. പല വിദേശരാജ്യങ്ങളിലും പഠനത്തോടൊപ്പം ജോലിചെയ്യാനുമുള്ള സാഹചര്യമുണ്ട്. പല രാജ്യങ്ങളിലെയും ബിരുദാനന്തര ബിരുദ ക്ലാസുകൾ ആഴ്ചയിൽ മൂന്ന് ദിവസം മാത്രമേ ഉണ്ടാകൂ. അതിനാൽതന്നെ പഠനവും ജോലിയും ഒരു സന്തുലിതാവസ്ഥയിൽ കൊണ്ടുപോകാൻ വിദ്യാർത്ഥികൾക്ക് സാധിക്കാറുണ്ട്. പല യൂറോപ്യൻരാജ്യങ്ങളിലും ഇത് ആഴ്ചയിൽ ഇരുപത് മണിക്കൂർ എന്ന കണക്കിലാണ്. ഓസ്ട്രേലിയയിൽ ഇത് ഇരുപത്തിനാല് മണിക്കൂറാണ്. മിനിമം കൂലി നൽകാതെ ചൂഷണം ആ മേഖലയിലും നടക്കുന്നുണ്ട് എന്ന വാർത്തകൾ വരുമ്പോഴും പൊതുവിൽ വിദ്യാർത്ഥികൾ ഇതിന് താത്പര്യപ്പെടുന്നുണ്ട്. ഓപ്പൺ വർക്ക് വിസ എന്ന രീതി പല വിദേശരാജ്യങ്ങളിലുമുള്ളതിനാൽ പഠനത്തിനുശേഷം തൊഴിൽ ചെയ്തുകൊണ്ട് വിദ്യാഭ്യാസലോൺ തിരിച്ചടയ്ക്കാനോ സാമ്പത്തികസുരക്ഷിതത്വം നേടാനോ വിദ്യാർത്ഥികൾക്ക് സാധിക്കുന്നു. കാനഡയിലും ന്യൂസിലാൻഡിലും മൂന്ന് വർഷവും ജർമ്മനിയിൽ പതിനെട്ടു മാസവും ഇത്തരത്തിൽ ജോലി ചെയ്യാനാകും.

ഉന്നതവിദ്യാഭ്യാസ കുടിയേറ്റത്തിന്റെ ഒരു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത് പ്രമുഖ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിലവാരവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ ബഹുഭൂരിപക്ഷം സ്ഥാപനങ്ങളും

ഏറെ പുറകിലാണ് എന്ന വസ്തുതയാണ്. പശ്ചാത്തലസൗകര്യത്തിന്റെ പരിമിതികൾ മാത്രമല്ല മറിച്ച് മാറിയ കാലഘട്ടത്തിന്റെ സാധ്യതകൾക്കും ആവശ്യങ്ങൾക്കുമനുസരിച്ച് പാഠ്യപദ്ധതി പുതുക്കപ്പെടുന്നുമില്ല എന്നതാണ്. ഉദാഹരണമായി കേരളത്തിലെ പല കോഴ്സുകളും തീർത്തും പരമ്പരാഗത ചട്ടക്കൂട് പിന്തുടരുന്നവയാണ്. അന്തർവിജ്ഞാനീയവും ബഹുവിജ്ഞാനീയവുമായ (interdisciplinary and multidisciplinary) രീതി പിന്തുടർന്നുകൊണ്ട് വൈജ്ഞാനികമേഖലകൾ ഏറെ മുന്നോട്ടു പോകുമ്പോൾ കേരളം വലിയൊരളവിൽ അതിനോട് മുഖംതിരിച്ചുനിൽക്കുകയാണ്.

പല വിഷയങ്ങളിലെയും ഓണേഴ്സ് കോഴ്സുകൾ പഠിക്കുമ്പോൾ അത് ആ വിഷയത്തെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്നതായി വിദ്യാർത്ഥികൾ അഭിപ്രായപ്പെടുന്നു. വിഷയത്തിനുള്ളിൽ തന്നെയുള്ള സവിശേഷമായ പല ഉപമേഖലകളെയും മനസ്സിലാക്കുന്നതിലൂടെ അതാത് വിഷയങ്ങളിലേക്ക് കാര്യക്ഷമമായി ഇറങ്ങിച്ചെല്ലാനും കൂടുതൽ വ്യക്തതയോടെ ഭാവി ഗവേഷണമേഖലകൾ തിരഞ്ഞെടുക്കാനും വിദ്യാർത്ഥികൾക്ക് സാധിക്കുന്നുണ്ട്. പല വിദേശ സർവകലാശാലകളും നിരവധി വിഷയങ്ങൾ വിദ്യാർത്ഥികൾക്കു മുന്നിൽ വയ്ക്കുകയും അതിൽ നിന്ന് താത്പര്യമുള്ളവ തിരഞ്ഞെടുത്തത് പഠിക്കാൻ അതിലൂടെ സാധിക്കുകയും ചെയ്യുന്നു. ഇത് അവർക്കുമുന്നിൽ തുറന്നുവയ്ക്കുന്ന തിരഞ്ഞെടുപ്പ് സാധ്യതകൾ വളരെ വലുതാണ്. ഇതോടൊപ്പം പാഠ്യപദ്ധതിക്ക് വ്യാവസായികമേഖലയുമായുള്ള ബന്ധത്തിന്റെ കുറവും അതുവഴി ഭാവിയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാതിരിക്കുന്നതും ഒരു പ്രധാന പോരായ്മയായി പലരും വിലയിരുത്തുന്നു.

കേരളത്തിന് പുറത്തുള്ള പ്രധാന ഗവേഷണസ്ഥാപനങ്ങളും കേന്ദ്ര സർവകലാശാലകളും വലിയരീതിയിൽ വിദ്യാർത്ഥികളെ ആകർഷിച്ചിരുന്നവയായിരുന്നു. എന്നാൽ വിരലിലെണ്ണാവുന്ന സ്ഥാപനങ്ങൾ മാത്രമാണ് ഏറ്റവും പുതിയ QS വേൾഡ് റാങ്കിങ്ങിൽ ഇടംപിടിച്ചിട്ടുള്ളത്. ഐ.ഐ.ടി ബോംബെ 149 –ാംസ്ഥാനത്തും ഐ.ഐ.ടി ഡൽഹി 197–ാം സ്ഥാനത്തും ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് 225–ാം സ്ഥാനത്തും ആണുള്ളത്. (അമേരിക്കയിലെ മസ്സാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, യു.കെയിലെ കേംബ്രിഡ്ജ്, ഓക്സ്ഫോർഡ് സർവകലാശാലകൾ എന്നിവയാണ് യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിലുള്ളത്). എന്നാൽ ദേശീയതലത്തിലുള്ള മുൻനിര സ്ഥാപനങ്ങളിൽ പോലും മലയാളി വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വരുന്നതായി കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. പൊതുപ്രവേശനപ്പരീക്ഷ വിജയിക്കാൻ മലയാളി വിദ്യാർത്ഥികൾക്ക് സാധിക്കാത്തതാണ് ഇതിന്റെ കാരണമായി പറയുന്നത്. മുൻപ് പ്ലസ്ടു പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നടന്നിരുന്നപ്പോൾ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിരുന്നു. കേരളത്തിലെ വിദ്യാഭ്യാസമേഖലയുടെ നിലവാരവുമായി ഇതിനെ തട്ടി

ച്ച് നോക്കേണ്ടതുണ്ട്.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസനിലവാരത്തെ പിന്നോട്ടടിക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്ന ഒന്നാണ് യോഗ്യരായ അധ്യാപകരുടെ അഭാവം. വിദ്യാർത്ഥികളുടെ ഹ്രസ്വകാല അക്കാദമികവളർച്ചയിലും ദീർഘകാലവിദ്യാഭ്യാസവിജയത്തിലും നിർണായകപങ്കു വഹിക്കുന്നവരാണ് അധ്യാപകർ. ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലെ അധ്യാപകരുടെ മികവ് വിലയിരുത്തപ്പെടുന്നത് ക്ലാസെടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, മറിച്ച് അതാത് വിജ്ഞാനമേഖലകളിൽ അവർ നടത്തുന്ന സംഭാവനകളുടെ അടിസ്ഥാനത്തിൽ കൂടിയാണ്. മികച്ച നിലവാരമുള്ള അക്കാദമിക ജേർണലുകളിൽ വരുന്ന ഗവേഷണ പ്രസിദ്ധീകരണങ്ങളാണ് ഇതിൽ ഏറ്റവും പ്രധാനം. ദീർഘകാല ഗവേഷണത്തിലൂടെ ആർജ്ജിച്ചെടുത്ത കണ്ടെത്തലുകളെ നിലനിൽക്കുന്ന അറിവിന്റെ മേഖലയിലേക്ക് കൂട്ടിച്ചേർക്കാനും അതുവഴി ആ വിജ്ഞാനശാഖയെ സമ്പുഷ്ടമാക്കാനും ഉന്നതവിദ്യാഭ്യാസരംഗത്തുള്ള അധ്യാപകർക്ക് കഴിയണം. സമൂഹത്തിന്റെ ഗുണപരമായ ഉന്നമനത്തിന് ഈ അറിവ് വിനിയോഗിക്കപ്പെടുമ്പോഴാണ് ഇത് പൂർണമായ അർത്ഥത്തിലെത്തുന്നത്. വിമർശനപരമായി കാര്യങ്ങളെ നോക്കിക്കാണാൻ കഴിവുള്ള, ശാസ്ത്രബോധവും യുക്തിചിന്തയും കൈമുതലായുള്ള ഗവേഷകരുടെ ഒരു കൂട്ടവും ഈ അധ്യാപകർക്കൊപ്പം വളർന്നുവരേണ്ടതുണ്ട്..

വിദേശരാജ്യങ്ങളിലെ സർവകലാശാലകളുമായോ, ഗവേഷണസ്ഥാപനങ്ങളുമായോ, സർക്കാർ ഏജൻസികളുമായോ സഹകരിച്ച് ഗവേഷണങ്ങൾ സംഘടിപ്പിക്കേണ്ടതും വിദ്യാഭ്യാസരംഗത്തെ ഗവേഷണനിലവാരം ഉയർത്തേണ്ടതിന് അനിവാര്യമാണ്. കേരളത്തിലെ സാമൂഹിക ശാസ്ത്ര, മാനവിക ഗവേഷണരംഗത്തെ സുപ്രധാനമായ പല വിഷയങ്ങളിലുമുള്ള ആധികാരികപഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് വിദേശ സർവകലാശാലകളിലുള്ള ഗവേഷകരോ അധ്യാപകരോ ആണ്. ഗൗരവമായ ഗവേഷണങ്ങൾ നടത്താനാഗ്രഹിക്കുന്നവർ അത്തരം സ്ഥലങ്ങളിലേക്ക് പോകാൻ ആഗ്രഹിക്കുന്നത് സ്വാഭാവികമാണ്. കേരളത്തിലെ എത്ര ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലെ അധ്യാപകർ ഇത്തരത്തിൽ മികവ് തെളിയിച്ചിട്ടുണ്ടെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. രാഷ്ട്രീയ–ജാതി–മത–സാമ്പത്തികഘടകങ്ങളാണ് കേരളത്തിലെ കോളേജുകളിലെയും സർവകലാശാലകളിലെയും വലിയൊരു ശതമാനം നിയമനങ്ങളെയും നിയന്ത്രിക്കുന്നത് എന്ന ബോധം സമകാലീന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ പൊതുസമൂഹത്തിനിടയിൽ ശക്തിപ്പെട്ടതും ഇതുമായി ചേർത്തുവായിക്കേണ്ടതുമാണ്.

കേരളീയ വിദ്യാഭ്യാസരംഗത്തെ പുറകോട്ടടിച്ചതിൽ വിദ്യാർത്ഥിരാഷ്ട്രീയത്തിന് പങ്കുണ്ടെന്നു കരുതുന്നവരുണ്ട്. കോളേജുകളിലെ സമാധാന അന്തരീക്ഷം തകർക്കപ്പെടുന്നതും പഠനസമയം നഷ്ടപ്പെടുന്നതും ക്യാമ്പസ് രാഷ്ട്രീയം കൊണ്ടാണെന്ന് ഇവർ വാദിക്കുന്നു. തീർത്തും അരാഷ്ട്രീയനി

ലപാട്ടും സാമൂഹിക യാഥാർഥ്യങ്ങളെക്കുറിച്ചുള്ള ധാരണയില്ലായ്മയുമാണ് ഇത്തരം വാദഗതികൾക്ക് പുറകിലെന്ന് നിസ്സംശയം പറയാനാകും. വിദ്യാർത്ഥിരാഷ്ട്രീയം പ്രശ്നമായിരുന്നെങ്കിൽ ഒരിക്കലും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജോ എറണാകുളം മഹാരാജാസ് കോളേജോ ഇന്ത്യയിലെ മികച്ച കോളേജുകളുടെ പട്ടികയിൽ ഇടംപിടിക്കുമായിരുന്നില്ല. ക്യാമ്പസുകളിൽ ജനാധിപത്യ അന്തരീക്ഷവും അവകാശബോധമുള്ള വിദ്യാർത്ഥിസമൂഹവും നിലനിൽക്കുന്നതുകൊണ്ട് മാത്രമാണ് സമൂഹത്തിന്റെ വ്യത്യസ്ത തുറകളിൽപ്പെട്ട ഇത്രയധികം വിദ്യാർത്ഥികൾക്ക് ഓരോ വർഷവും പഠനം നടത്താൻ സാധിക്കുന്നത്. അതേസമയം പഠന–ഗവേഷണനിലവാരം മെച്ചപ്പെടുത്തൽ, സിലബസ് പരിഷ്കരണം, ആധുനിക വൈജ്ഞാനിക ലോകവുമായി സംവദിക്കൽ തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥിരാഷ്ട്രീയ പ്രസ്ഥാനക്കാർ കാതലായ ചോദ്യങ്ങൾ ചോദിക്കുകയും ഇടപെടലുകൾ നടത്തുകയും ചെയ്യാത്തത് ഒരു പോരായ്മയായി തുടരുന്നു.

അതോടൊപ്പം വിദ്യാഭ്യാസ, തൊഴിൽരംഗത്തെ അപചയത്തിന് കാരണമായി പലരും എടുത്തുപറയുന്ന മറ്റൊരു കാരണമാണ് വിദ്യാഭ്യാസ രംഗത്തും തൊഴിൽമേഖലയിലുമുള്ള സംവരണം. ജാതി അടിസ്ഥാനത്തിൽ സംവരണം നടപ്പാക്കുമ്പോൾ തങ്ങൾക്ക് അർഹതയുള്ള സീറ്റുകളും തൊഴിലവസരങ്ങളുമാണ് നഷ്ടപ്പെട്ടുപോകുന്നതെന്ന് ഇക്കൂട്ടർ കരുതുന്നു. അതിനാൽ യോഗ്യതയില്ലാത്തവർ സംവരണജോലിയും വാങ്ങി കേരളത്തിലിരിക്കട്ടെ, കഴിവുള്ള ഞങ്ങളെപ്പോലെയുള്ളവർ വിദേശത്തേക്ക് ചേക്കേറിക്കൊള്ളാം എന്ന വാദമാണ് ഇവർ ഉന്നയിക്കുന്നത്. കേരളം പോലെ ജാതീയമായ ശ്രേണികൾ ഇന്നും ശക്തമായി നിലനിൽക്കുന്നൊരു സമൂഹത്തിൽ സംവരണം അനിവാര്യമായൊരു ഘടകമാണ്. സർക്കാർമേഖലകളിലും അധ്യാപന–ഗവേഷണരംഗത്തും പ്രവർത്തിക്കുന്ന പട്ടികജാതി–പട്ടികവർഗങ്ങളിൽപ്പെടുന്നവരുടെ എണ്ണം വളരെ കുറവാണെന്നിരിക്കെ ഇത്തരം പ്രസ്താവനകൾ സാമൂഹിക യാഥാർഥ്യങ്ങളെ നിഷേധിക്കലാണ്. ഈയടുത്ത് പുറത്തുവന്ന ഒരു വിവരാവകാശരേഖപ്രകാരം കേരളത്തിലെ പൊതുവിദ്യാഭ്യാസവകുപ്പിൽ ജോലി ചെയ്യുന്ന 90307 അധ്യാപകരിൽ 0.89% മാത്രമാണ് പട്ടികജാതിക്കാർ, പട്ടികവർഗക്കാർ 0.08% മാത്രവും.

കേരളീയസമൂഹത്തിൽ രൂഢമൂലമായ സദാചാര കാഴ്ചപ്പാടുകളോട് ഒരുതരത്തിലും പൊരുത്തപ്പെട്ടുപോകാനാഗ്രഹിക്കാത്ത ഒരു തലമുറയാണ് ഇന്നുള്ളത്. മതവും കുടുംബവും വിദ്യാഭ്യാസസ്ഥാപനങ്ങളും അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന ഇത്തരം പ്രവണതകൾക്കെതിരെ ഇവിടെ നിന്നുകൊണ്ട് തന്നെ പടപൊരുതി ഒരു പരിവർത്തനം വരുത്തണം എന്ന ചിന്താഗതിയല്ല അവർക്കുള്ളത്. മറിച്ച് ഇവിടം വിട്ടുപോയാൽ വ്യക്തിസ്വാതന്ത്ര്യത്തിനൊപ്പം മെച്ചപ്പെട്ട തൊഴിൽസാഹചര്യവുമുണ്ടാകും എന്ന് അവർ കരുതുന്നു. ഇക്കാര്യം യുവജനങ്ങൾക്കിടയിൽ വലിയൊരു ആകർഷണമായി നിലനിൽക്കുന്നു.

ആൺകുട്ടികളും പെൺകുട്ടികളും ഇടപഴകിയാൽ അതിനെതിരെ സർക്കുലർ ഇറക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ, അച്ചടക്കനടപടികളുമായെത്തുന്ന മാനേജ്മെന്റുകൾ, ഹോസ്റ്റൽ സമയങ്ങളിലെ അനാവശ്യനിയന്ത്രണങ്ങൾ, ഇഷ്ടമുള്ള വസ്ത്രംധരിച്ച് പുറത്തിറങ്ങുന്നതിനെ വ്യക്തിപരമായ ധാർമിക അപചയമായി കണക്കാക്കിക്കൊണ്ടുള്ള വിലയിരുത്തലുകൾ, സഞ്ചാരസ്വാതന്ത്ര്യത്തിനു നേരെയുള്ള കടന്നുകയറ്റങ്ങൾ, രാത്രിയിലുള്ള കൂടിച്ചേരലുകളും ആഘോഷങ്ങളും സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളാണെന്നുള്ള ധാരണ, ചോദ്യംചെയ്യുന്നവർ സാമൂഹികദ്രോഹികളാണെന്നുള്ള കാഴ്ചപ്പാട്, ക്യുവെർ കമ്യൂണിറ്റിയിൽ പെട്ടവർ മോശക്കാരാണെന്നുള്ള ധാരണ, സ്വന്തം ജൻഡർ ഐഡന്റിറ്റി പുറത്തുപറഞ്ഞാൽ കാത്തിരിക്കുന്ന സാമൂഹികതിരസ്കരണം, സർവോപരി യുവജനങ്ങളെ നിയന്ത്രിക്കാനുള്ള ഉത്തരവാദിത്തം തങ്ങൾക്കാണെന്നുള്ള ധാരണയിൽ സ്വയം അതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തവരുടെ അതിപ്രസരം തുടങ്ങിയവയൊന്നും ഇന്നത്തെ തലമുറ ഇഷ്ടപ്പെടുന്നില്ല. ആധുനിക ആഗോള സംസ്കാരവുമായി പരിചയപ്പെട്ട ഈ തലമുറയ്ക്ക് പഴയ കാഴ്ചപ്പാടുകളുടെ പതാക വാഹകരാകാനോ സാമൂഹികസമ്മർദ്ദത്തിനനുസരിച്ച് അതിന് കീഴ്പ്പെടാനോ താത്പര്യമില്ല. ഇതിനുള്ള ഒരു പരിഹാരമായി പലരും കാണുന്നത് വിദ്യാഭ്യാസ കുടിയേറ്റത്തിലൂടെയുള്ള പറിച്ചുനടൽ ആണ്.

## കേരളത്തിനെ കാത്തിരിക്കുന്നതെന്ത്?

കേരളം അതിരുകളില്ലാതെ വളരുകയാണെന്നും വിദ്യാഭ്യാസക്കുടിയേറ്റം യുവജനങ്ങൾക്കിടയിൽ ന്യൂ നോർമൽ ആണെന്നും ലോകത്തിന്റെ പല ഭാഗങ്ങളിലും 'പുതിയ ഗൾഫ് ' രൂപംകൊള്ളുകയാണെന്നും ഉള്ള വാദഗതികൾക്കിടയിലാണ് കേരളത്തിന്റെ ഭാവി എന്താകും എന്ന ചോദ്യം പ്രസക്തമാകുന്നത്. കേരളത്തിന്റെ സാമൂഹിക-സാമ്പത്തികവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചിരുന്ന ഘടകങ്ങൾ അപ്രസക്തമാവുകയാണോ എന്ന ആശങ്കയും ശക്തിപ്പെടുന്നു. കേരളസമൂഹത്തെ മുന്നോട്ടുനയിക്കേണ്ട മനുഷ്യവിഭവശേഷി കടൽകടക്കുമ്പോൾ മസ്തിഷ്കശോഷണവും സാമ്പത്തികച്ചോർച്ചയും പിടിമുറുക്കിയ ഒഴിഞ്ഞുകിടക്കുന്ന വീടുകളുള്ള ഒരു വൃദ്ധസദനമായി കേരളം മാറാൻ പോകുന്നു എന്ന ആശങ്കയും ശക്തമാണ്.

## സാമ്പത്തികച്ചോർച്ചയും മസ്തിഷ്കശോഷണവും

കേരളത്തിലെ മൂന്നാംതലമുറ കുടിയേറ്റമായി അറിയപ്പെടുന്ന ഉന്നത വിദ്യാഭ്യാസ കുടിയേറ്റം സൃഷ്ടിക്കുന്ന രണ്ട് സുപ്രധാന അനന്തരഫലങ്ങളാണ് മസ്തിഷ്കശോഷണവും സാമ്പത്തികച്ചോർച്ചയും. സർവകലാശാലകളോ ട്രസ്റ്റുകളോ നൽകുന്ന പൂർണമായോ ഭാഗികമായോ ഉള്ള ചെലവുകൾ വഹിക്കാൻ പര്യാപ്തമായ ഫെല്ലോഷിപ്പുകൾ നേടുന്ന സമർത്ഥരായ

വിദ്യാർത്ഥികൾ ആയിരുന്നു കുറച്ചുകാലം മുൻപ് വരെ വിദേശരാജ്യങ്ങളിൽ പഠനത്തിനായി പോയിരുന്നത്. ആ സ്ഥിതിക്ക് മാറ്റംവരികയും വലിയൊരു വിഭാഗം പുറത്തുപോകാൻ ആരംഭിക്കുകയും ചെയ്തപ്പോൾ നമ്മുടെ നാടിന്റെ വികസനത്തിനും പുരോഗതിക്കും സംഭാവന നൽകാൻ പര്യാപ്തമായ തലച്ചോറുകളാണ് കേരളത്തിന് നഷ്ടമാകുന്നത്. ശാസ്ത്ര–സാങ്കേതികരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കുന്നവരുടെ വേരുകൾ കേരളത്തിലാണെന്ന് ചില സന്ദർഭങ്ങളിൽ അഭിമാനത്തോടെ പറയാറുണ്ട്. ഇത്തരം മസ്തിഷ്ക ശോഷണം ഇനിയുള്ള കാലങ്ങളിൽ കൂടാനുള്ള സാഹചര്യമാണ് നിലവിലുള്ളത്. കേരളത്തിൽ ലഭ്യമല്ലാത്ത പലതും പുറത്തുപോയാൽ ലഭിക്കും എന്നുള്ള ധാരണയിൽ തുടക്കക്കാലത്ത് അഭിമുഖീകരിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകളെപ്പോലും അവഗണിച്ചുകൊണ്ട് പുറത്തുപോകാൻ തയ്യാറാവുകയാണ് യുവജനങ്ങൾ.

വിദേശരാജ്യങ്ങളിൽ പോയി ഉന്നതനിലവാരത്തിലുള്ള വിദ്യാഭ്യാസം നേടിയവർ തിരിച്ചെത്തി കേരളത്തിലെ വ്യത്യസ്ത മേഖലകളിൽ അവർ ആർജ്ജിച്ചെടുത്ത വിജ്ഞാനം പ്രയോഗിച്ചാൽ മാത്രമേ ബ്രെയിൻ ഗെയിൻ (Brain Gain) എന്ന തലത്തിലേക്ക് നമുക്ക് ഉയരാൻ സാധിക്കൂ. നിലവിൽ തിരിച്ചുവരാൻ ആഗ്രഹിക്കാത്ത ഒരു കുടിയേറ്റസംസ്കാരം ഇതിന്റെ നേർവിപരീതമായ ബ്രെയിൻ ഡ്രെയിനിനാണ് (Brain Drain) കാരണമാകുന്നത്. വിദേശരാജ്യങ്ങളായ ചൈനയിലും മലേഷ്യയിലും കാനഡയിലും എല്ലാം റീപ്ലെയ്സ്മെന്റ് മൈഗ്രേഷൻ എന്ന പ്രതിഭാസമാണ് നടക്കുന്നതെന്ന് ഇരുദയരാജൻ, ഷിബിനു മുഹമ്മദ്, എൻ.ഹസീബ് എന്നിവർ നടത്തിയ പഠനത്തിലൂടെ വ്യക്തമാകുന്നുണ്ട്. ഇവിടങ്ങളിൽ പഠനാവശ്യങ്ങൾക്കായി പുറത്തു പോകുന്ന വിദ്യാർത്ഥികളുടെ വിടവുകൾ നികത്താൻ പര്യാപ്തമായ രീതിയിൽ പുറംരാജ്യങ്ങളിൽ നിന്നുള്ളവരുടെ കടന്നുവരവ് ഉണ്ടാകാറുണ്ട്. റീപ്ലെയ്സ്മെന്റ് മൈഗ്രേഷൻ (Replacement migration) എന്നറിയപ്പെടുന്ന ഈ പ്രവണത ഇത്തരം രാജ്യങ്ങളിൽ ഒരു സമതുലിതാവസ്ഥയും സൃഷ്ടിക്കുന്നുണ്ട്. ചൈനയിൽ വർഷംതോറും എത്തുന്ന വിദേശവിദ്യാർത്ഥികൾ പുറത്തുപോകുന്നവരുടെ എണ്ണത്തിന്റെ പകുതിയിലേറെയാണ്; മലേഷ്യയിലും സമാനസ്ഥിതിയാണ്. കാനഡയിലെ ഭൂമിശാസ്ത്രപരവും കാലാവസ്ഥാപരവുമായ പരിമിതികൾ മറികടക്കാൻ യൂറോപ്പിലേക്കും വടക്കേ അമേരിക്കയിലേക്കും കുടിയേറുമ്പോൾ വിദേശവിദ്യാർത്ഥികൾ അവിടെ ആ കുറവ് നികത്തുകയാണ്.

വിദേശവിദ്യാഭ്യാസത്തിനായി പോകുന്ന വിദ്യാർത്ഥികൾ ഫീസ് ഇനത്തിലും മറ്റ് ആവശ്യങ്ങൾക്കുമായി പ്രതിവർഷം ഏകദേശം 56,000 കോടി ഡോളർ ചെലവാക്കുന്നു എന്ന് കണക്കാക്കുന്നു. ഇത് കേരളത്തിന് പുറത്തേക്കുപോകുന്ന സമ്പത്തിന്റെ 30.24% ആണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇത് കേരളസമ്പദ്വ്യവസ്ഥക്ക് ഒട്ടും ഗുണകരമല്ല.

കേരളത്തിൽനിന്നും പുറത്തുപോകുന്നവർ തിരിച്ചുവരാത്ത സാഹചര്യമു

ണ്ടായാൽ ഇവിടേക്കുള്ള പണമയയ്ക്കലിൽ കുറവുവരുന്ന സാഹചര്യമുണ്ടായേക്കാം. കഴിഞ്ഞ കുറച്ചുപതിറ്റാണ്ടുകളായി കേരളസമ്പദ്‌വ്യവസ്ഥയുടെ അടിത്തറകളിലൊന്നായി പ്രവർത്തിക്കുന്ന ഈ ഘടകം നഷ്ടമാകുന്നത് കനത്ത തിരിച്ചടിയുണ്ടാക്കും.

കേരളം വൃദ്ധാസദനമാകുമോ എന്ന ആശങ്കയും ഈ സാഹചര്യത്തോട് ചേർത്തുവച്ച് പരിശോധിക്കേണ്ടതാണ്. ചെറുപ്പക്കാർ കുടിയേറുമ്പോൾ നാട്ടിൽ ഒറ്റപ്പെട്ടുപോകുന്ന വൃദ്ധരായ മാതാപിതാക്കൾ ഒരു ചോദ്യചിഹ്നമായി മാറാൻ പോകുകയാണ്. ബി.ബി.സി. പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ "കേരളം: ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യത്തെ പ്രേതനഗരം" എന്ന വിശേഷണമാണ് വന്നത്. ഇത്തരം സാഹചര്യങ്ങളെക്കൂടി വിലയിരുത്താനുള്ള നയങ്ങൾ വിദ്യാർത്ഥി കുടിയേറ്റത്തിന്റെ സാഹചര്യത്തിൽ ഉയർന്നുവരേണ്ടതുണ്ട്.

നിലവിൽ കേരളത്തിൽനിന്ന് എത്ര പേർ വിദ്യാഭ്യാസത്തിനായി കുടിയേറി എന്ന വിഷയത്തിൽ സർക്കാരിന്റെ കൈയിൽ കൃത്യമായ കണക്കുകളില്ല. ഈ സാഹചര്യത്തിൽ കേരളത്തിന് കൃത്യമായ ഒരു കുടിയേറ്റനയമുണ്ടാക്കേണ്ടതും അനിവാര്യമാണ്.

## ഈ രംഗത്തെ ചൂഷണങ്ങൾ

കേരളത്തിലെ വിദ്യാഭ്യാസം അനാകർഷകമാണെന്ന് പറയുമ്പോഴും യൂറോപ്പ് അടക്കമുള്ള പ്രദേശങ്ങളിലെ ഒട്ടും നിലവാരം പുലർത്താത്ത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനം നേടാൻ പല വിദ്യാർത്ഥികൾക്കും മടിയില്ലാതായിരിക്കുന്നു. അസ്സോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റിയുടെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽപോലും പ്രവേശനം നേടുന്നവർ ഉണ്ട്. ഇത്തരം ബിരുദധാരികൾക്ക് ഇന്ത്യയിൽ തിരിച്ചെത്തിയാൽ തുല്യതാ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല; തന്മൂലം തൊഴിൽ നേടാനായി അവ ഉപയോഗപ്പെടുത്താൻ കഴിയുന്നുമില്ല. ബ്രെയിൻ വെയ്സ്റ്റ് എന്ന മറ്റൊരു പ്രശ്നംകൂടി ഈ വിദ്യാർത്ഥികളുമായി ബന്ധപ്പെടുത്തി പറയുന്ന അവസ്ഥ നിലവിലുണ്ട്. തങ്ങളുടെ വിദ്യാഭ്യാസയോഗ്യതയ്ക്കും ആർജ്ജിച്ചെടുത്ത വൈദഗ്ധ്യത്തിനും ഒരുപാട് താഴെ നിൽക്കുന്ന തൊഴിലുകളിൽ ഏർപ്പെടാൻ നിർബന്ധിതരായിത്തീരുന്ന സാഹചര്യത്തിനെയാണ് ഈയൊരു പദം കൊണ്ട് വിശേഷിപ്പിക്കുന്നത്.

തൊഴിൽവിസ നേടുന്ന പലരും അതിസാധാരണമായ തൊഴിലുകൾ ചെയ്യാൻ സന്നദ്ധരാകുന്നു എന്നതാണ് യാഥാർത്ഥ്യം. പാത്രം കഴുകൽ, ഡെലിവറി സർവീസ് തുടങ്ങി കൂടുതൽപേരും ചെയ്യുന്ന ജോലികളിലേർപ്പെടുന്ന വിദ്യാർത്ഥികൾക്ക് പലപ്പോഴും മിനിമംകൂലി കിട്ടാത്ത സാഹചര്യവും നിലവിലുണ്ട്. യു.കെ.പോലെയുള്ള രാജ്യങ്ങളിലെ വിദ്യാഭ്യാസച്ചെലവുകൾ താങ്ങാനാകാത്ത അവസ്ഥ വരുമ്പോൾ സാധാരണക്കാർ വിദ്യാർത്ഥി വിസയെ കെയർവിസയാക്കി മാറ്റുകയും വാർധക്യപരിചരണം പോലെയുള്ള തൊഴിലുകൾ സ്വീകരിക്കാൻ നിർബന്ധിതരായിത്തീരുകയും ചെയ്യുന്നു.

മൂവായിരത്തിലധികം വിദേശവിദ്യാഭ്യാസ റിക്രൂട്ടിങ് ഏജൻസികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ വിജയദശമിദിനത്തിൽ പാസ്പോർട്ട് വച്ച് ഹരിശ്രീ കുറിച്ച് 'വിദേശവിദ്യാരംഭം' എന്നൊരു പരിപാടിയും നടത്തുകയുണ്ടായി. ഇക്കാലയളവിൽ നിരവധി പുതിയ ഏജൻസികളാണ് മുളച്ചുപൊന്തിയിരിക്കുന്നത്. എന്നാൽ ഒരു സർവകലാശാലയുടെ പോലും അംഗീകൃത ഏജന്റുമാരല്ലാത്ത ഇത്തരം പല ഏജൻസികളും വിദ്യാർത്ഥികൾക്കിടയിലെ സംശയങ്ങളെ മുതലെടുപ്പ് നടത്തി സാമ്പത്തികചൂഷണം ചെയ്യുകയാണ്. ഒരു രാജ്യത്തിന്റെ തൊഴിൽസാധ്യത അറിഞ്ഞുകൊണ്ട് മാത്രമേ അവിടങ്ങളിലെ കോഴ്സുകൾ എടുക്കാവൂ എന്ന് ഈ മേഖലയിൽ അനുഭവസമ്പത്തുള്ളവർ പറയുന്നു. അല്ലെങ്കിൽ പഠനം പൂർത്തിയാക്കിയതിനു ശേഷം അവരെ ഉൾക്കൊള്ളാനുള്ള ജോലി അവിടെ ഉണ്ടായിക്കൊള്ളണമെന്നില്ല.

ഇത്തരത്തിൽ മതിയായ പ്രവർത്തനപരിചയം ഇല്ലാത്ത ഏജൻസികൾ നടത്തിക്കൊണ്ടിരിക്കുന്ന ചൂഷണങ്ങളെ നിയന്ത്രിക്കേണ്ടതുണ്ട് എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് കേരളസർക്കാർ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ആയ ഡോ. സജി ഗോപിനാഥിന്റെ നേതൃത്വത്തിൽ ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത്. വിദ്യാർത്ഥി കുടിയേറ്റത്തെപ്പറ്റി സമഗ്രമായി പഠിക്കാൻ കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ഗോപിനാഥ് രവീന്ദ്രന്റെ നേതൃത്വത്തിൽ മറ്റൊരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

## കേരളത്തിന് എന്ത് ചെയ്യാനാകും

മൂന്നരക്കോടി ജനസംഖ്യയുള്ള കേരളത്തിൽനിന്ന് ഏതാനും ലക്ഷംപേർ വിദേശത്തേക്ക് പോയാൽ ഇവിടെ ഒന്നും സംഭവിക്കില്ലെന്നും ആശങ്കാജനകമായ അവസ്ഥ നിലനിൽക്കുന്നില്ലെന്നും പറയുമ്പോൾ തന്നെ, ഗൗരവതരമായ അന്വേഷണങ്ങൾ പല മേഖലകളിലും നടത്തേണ്ടതുണ്ട്. സ്കൂൾതലത്തിൽ പൊതുവിദ്യാഭ്യാസരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ ഉന്നതവിദ്യാഭ്യാസരംഗത്ത് നേടാനായോ എന്നതാണ് ഒരു പ്രധാന ചോദ്യം. സർക്കാർ നിയന്ത്രണത്തിലുള്ള സർവകലാശാലകളെക്കാൾ ഗവേഷണ-പഠനനിലവാരത്തിൽ പല സ്വകാര്യ സർവകലാശാലകളും മുന്നേറുമ്പോൾ (അശോക, ശിവനാടാർ, അസിം പ്രേംജി പോലെയുള്ള സർവകലാശാലകൾ) സാധാരണക്കാർക്ക് താങ്ങാവുന്ന നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം സർക്കാരിനുണ്ട്. പുറത്തുപോകുന്ന വിദ്യാർത്ഥികളെ മാറ്റിനിർത്തിയാൽ ഇവിടെ നിലനിൽക്കുന്ന വലിയൊരു ശതമാനം വിദ്യാർത്ഥികൾക്കും മികച്ച നിലവാരത്തിലുള്ള, മാറിയ കാലഘട്ടത്തിന്റെ ആവശ്യങ്ങളെ അഭിസംബോധനചെയ്യുന്ന തരത്തിലുള്ള, ഭാവിയിലെ തൊഴിലിനെ മുന്നിൽ കണ്ടുകൊണ്ടുള്ള വിദ്യാഭ്യാസ രീതികളും ശക്തിപ്പെടേണ്ടതുണ്ട്. വ്യവസായസ്ഥാപനങ്ങളുമായുള്ള പങ്കാളിത്ത ഗവേഷണം, നൈപുണീവികസനം തുടങ്ങിയവ ഇതിൽ പ്രധാന

മാണ്. ഇതിനായി സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ്വ്യവസ്ഥയായി മാറ്റിയെടുക്കാനുള്ള ശ്രമത്തിലാണ് സംസ്ഥാനസർക്കാർ. ലോക കേരളസഭയുടെ മൂന്നാംസമ്മേളനത്തിന്റെ സമീപനരേഖയിൽ ഇങ്ങനെ പറയുന്നു:–

"ടൂറിസം മേഖലകളിലും ഇലക്ട്രോണിക്സ് തുടങ്ങിയ ആധുനിക വ്യവസായമേഖലകളിലും അഭ്യസ്തവിദ്യരായ യുവതി–യുവാക്കൾക്ക് അഞ്ച് വർഷം കൊണ്ട് പത്ത് ലക്ഷം തൊഴിലവസരം സൃഷ്ടിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൃഷി, കെട്ടിടനിർമ്മാണം, വാണിജ്യം, ചെറുകിട വ്യവസായം തുടങ്ങിയ മേഖലകളിലായി 10 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതും സർക്കാർ ഉദ്ദേശിക്കുന്നതാണ്. ആധുനിക തുറകളിലെ ജോലിക്ക് 10 ലക്ഷംപേർ സ്കിൽ ഡവലപ്പ്മെന്റ് കരിയർ ഗൈഡൻസ് വഴി പ്രോത്സാഹനം നൽകാനും സർക്കാർ ഉദ്ദേശിക്കുന്നു. പുതിയ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഐടി പാർക്കുകളുടെ വികാസത്തിനും സർക്കാർ ലക്ഷ്യംവയ്ക്കുന്നു. വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കി ആ രംഗത്ത് 4,00,000 പേർക്ക് തൊഴിൽ നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കാർഷികരംഗത്ത് മൂല്യവർധന ഉത്പന്നങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതികളാണ് സർക്കാർ ലക്ഷ്യംവച്ചിട്ടുള്ളത്."

ഇത്തരം പദ്ധതികൾ സാമൂഹികപുരോഗതി ലക്ഷ്യംവച്ചുകൊണ്ട് സമഗ്രമായ കാഴ്ചപ്പാടോടെയും ദീർഘവീക്ഷണത്തോടെയും നടപ്പിലാക്കാൻ സാധിക്കുമെങ്കിൽ മാത്രമേ കേരളം പ്രത്യാശയ്ക്കുള്ള ഒരു ഇടമായി മാറുകയുള്ളൂ. വിദേശങ്ങളിൽ പോയി ഉന്നതനിലവാരമുള്ള ഗവേഷണപരിചയം ആർജ്ജിച്ചവരെ തിരിച്ചുകൊണ്ടുവന്ന് ആ അറിവുകൾ സമൂഹത്തിന്റെ ഗുണപരമായ പരിവർത്തനത്തിന് ഉപകാരപ്പെടുന്ന രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇവിടെയുള്ളവരെ നിലനിർത്തുന്നതോടൊപ്പം ഉന്നതവിദ്യാഭ്യാസത്തിന്റെ ഒരു ഹബ്ബായി കേരളത്തെ ഭാവിയിൽ പരിവർത്തനപ്പെടുത്തേണ്ടതുമുണ്ട്.

## References

1. Dr. S.Irudaya Rajan, Rakesh Ranjan Kumar, India's Great Student Out-Migration, Published in World Bank Blogs, September 12,2023.
2. Justin George, Tom Pious, 'Disquieting Facts of Student Migration', Economic and Political Weekly, Vol. 58,Issue No.3, 21 Jan, 2023
3. Muralee Thummarukudy, "Migration of youths for foreign education to have lasting impact on Kerala society," October 27, 2022
4. Yvonne Riano, Christ of Vanmol and Parvati Raghuram, "New Directions in Studying Policies of International Student Mobility and Migration," in Globalisation, Societies and Education, vol.16, issue-3.
5. Unemployment Situation in Kerala- Economic Review 2017, State Planning Board, Thiruvananthapuram.
6. ലോക-കേരളസഭ മൂന്നാംസമ്മേളനം- സമീപനരേഖ
7. പ്രൊഫ. എസ്. ഇരുദയ രാജൻ, ഡോ. ജിനു സഖറിയ ഉമ്മൻ, 'വിദ്യാർത്ഥി കുടിയേറ്റം അവർ എന്തുകൊണ്ട് പോകുന്നു'? Mathrubhumi.com, 17 September 2023.
8. എസ്. ഇരുദയ രാജൻ ഡോ. എസ്. ഷിബിനു മുഹമ്മദ് ഹസീബ് .എൻ, "വിദ്യാർത്ഥി കുടിയേറ്റം കേരളത്തിന് വെല്ലുവിളിയോ"?, Mathrubhumi.com, 5 December 2022.